നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# തരംഗത്തിന്നു മീതെ



ബംഗളദേശിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ യാഥാസ്ഥിതികർക്കെതിരായ ജനരോഷത്തിന്റെ തരംഗത്തിന്നുമീതെ സഞ്ചരിച്ചുകൊണ്ട് ഷേഖ് ഹസീന വീണ്ടും നേതൃത്വത്തിലെത്തി.

143

മാർച്ച് 2009

# ഇന്ത്യൻ ചീഫ് ജസ്റ്റീസ് നിയമത്തിന്നതീതനല്ല

ജഡ്ജിമാർ നിയമത്തിന്നതീതരാണോ? ഗൗരവതരമായ ഈ പ്രശ്നം കോടതിതന്നെ തീരുമാനിക്കണമെന്ന് വന്നിരിക്കുന്നു.

1997 മേയ് 7ന്നു ചേർന്ന ജഡ്ജിമാരുടെ ഒരഖിലേന്ത്യാ സമ്മേളനം സുപ്രധാനമായ ചില തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. ജഡ്ജിമാർ അവരുടെ സ്വത്തുവിവരം ഇന്ത്യൻ ചീഫ് ജസ്റ്റീസിന്ന് നൽകിയിരിക്കണമെന്നതായിരുന്നു ഒരു തീരുമാനം.

ഈയിടെ എസ്.സി. അഗർവാൾ എന്നൊരാൾ വിവരാവകാശ നിയമമനുസരിച്ച് ജഡ്ജിമാരുടെ സ്വത്തുവിവരം ആരാഞ്ഞിരുന്നു. എന്നാൽ സുപ്രീം കോടതി രജിസ്ട്രാർ അത് നൽകാൻ കൂട്ടാക്കിയില്ല. ഇതിനെത്തുടർന്ന് അഗർവാൾ കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന് ഒരു പരാതി സമർപ്പിച്ചു.

ജനുവരി ആറാം തിയ്യതി കമ്മീഷന്റെ ഒരു സമ്പൂർണ്ണ യോഗം നടന്നു. ചീഫ് ഇൻഫർമേഷൻ കമ്മഷണർ വജഹാത് ഹബീബുള്ള ഇൻഫർമേഷൻ കമ്മീഷണർമാരായ എ.എൻ. തിവാരി, എം.എം. അൻസാരി എന്നിവർ യോഗത്തിൽ പങ്കെടുത്തു.

വിവരാവകാശ നിയമപ്രകാരം ഇത്തരം വിവരങ്ങൾ നൽകാൻ ചീഫ് ജസ്റ്റീസ് ബാധ്യസ്ഥനല്ലെന്ന സുപ്രീം കോടതി രജിസ്ട്രാറുടെ നിലപാടിനെ സെൻട്രൽ ഇൻഫർമേഷൻ കമ്മീഷൻ തള്ളിക്കളഞ്ഞു. ചീഫ് ജസ്റ്റീസിന്റെ ഓഫീസുമായി തങ്ങൾക്ക് ബന്ധമൊന്നുമില്ലെന്ന സുപ്രീംകോടതി രജിസ്ട്രാറുടെ നിലപാടിനേയും കമ്മീഷൻ തിരസ്കരിച്ചു.

ജഡ്ജിമാർ സ്വത്തു വിവരം നൽകിയിരിക്കുന്നത് ചീഫ് ജസ്റ്റീസിനെയുള്ള വിശ്വാസം കൊണ്ടാണെന്ന വാദവും കമ്മീഷൻ തിരസ്കരിച്ചു. ചീഫ് ജസ്റ്റീസും മറ്റു ജഡ്ജിമാരും അടങ്ങിയതാണ് സുപ്രീം കോടതി. അതൊരു സ്ഥാപനമാണ്. ഒരു സ്ഥാപനത്തേയും അതിന്റെ തലവനേയും രണ്ടായി കാണാനാവില്ലെന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടി.

സുപ്രീം കോടതി രജിസ്ട്രാർ എന്നത് സുപ്രീം കോടതിയുടെ ഒരു ഭാഗം മാത്രമാണെന്നും രണ്ടിനേയും രണ്ടായി കാണാനാവില്ലെന്നും കമ്മീഷൻ കൽപ്പിച്ചു.

സുപ്രീം കോടതി ഇപ്പോൾ വിവരാവകാശ കമ്മീഷന്റെ ഈ കൽപ്പനക്കെതിരെ ഹൈക്കോടതിയിൽ ഹർജി നൽകാൻ തയ്യാറെടുത്തു വരികയാണ്. ❑



ജനനീതി

മാർച്ച് 2009

143

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# കർണ്ണാടകത്തിലെ കോമാളിവേഷം കണ്ട് ചിരിക്കരുത്

റിപ്പബ്ലിക് ദിനാഘോഷത്തിന്ന് രണ്ടു ദിവസം മുമ്പ്, മംഗലാപുരത്തെ ഒരു മദ്യശാലയിൽ നടന്ന പോക്കിരിത്തരങ്ങൾ എല്ലാ ജനങ്ങളേയും ലജ്ജിപ്പിക്കേണ്ടതാണ്. ഇവിടെ മദ്യ വില്പന നിരോധിച്ചിട്ടില്ല; മദ്യശാല നിരോധിച്ചിട്ടില്ല. എന്നിട്ടും ഒരു കൂട്ടം ആളുകൾ മദ്യശാല കയ്യേറി. അവിടെ നൃത്തം ചെയ്യുന്ന പെൺകുട്ടികളെ കയറിപ്പിടിച്ചു. ഇതൊക്കെ ചെയ്തത് ശ്രീരാമസേന എന്ന പുതിയൊരു "സേന"യിൽ പെട്ടവരാണത്രെ. അരാജകത്വം എന്നല്ലാതെ ന്താണ് ഇതിനെപ്പറ്റി പറയുക.

ഈ കോമാളിത്തരം കണ്ട് ആരും ചിരിക്കരുത്. ഇതൊക്കെ നാളെ ഇവിടേയും സംഭവിക്കാവുന്നതാണ്. അധികാരി വർഗ്ഗം ദുർബ്ബലമാകുന്നിടത്തെല്ലാം ഇത്തരം വേഷങ്ങൾ അരങ്ങേറാറുണ്ട്. കുറച്ചുമാസം മുമ്പ് മുംബായിൽ നാമിത് കണ്ടതാണ്; അതിന്നു മുമ്പു ആസാമിൽ കണ്ടതും ഇതുതന്നെ.

മദ്യപിച്ചു നൃത്തം ചെയ്യുന്നത് ഭാരതീയ സംസ്കാരത്തിന്ന് യോജിച്ചതല്ലെന്നാണ് രാമസേന പറയുന്നത്. ഈ പറയുന്നതാകട്ടെ ദേവദാസി സമ്പ്രദായം ഇന്നും നിലവിലുള്ള കർണാടകത്തിലാണെന്ന് ഓർക്കണം. പെൺകുട്ടികൾ നൃത്തം ചെയ്യുന്നത് ശരിയല്ലെന്നു പറയുന്നവർ തന്നെയാണ് പെൺകുട്ടികളെ കയറിപിടിച്ചതും വസ്ത്രങ്ങൾ പിച്ചിച്ചീന്തിയതും! എന്തൊരു സംസ്കാര വൈകൃതമാണിത്.

ബി.ജെ.പി. അധികാരത്തിൽ വന്നതാണ് കർണാടകത്തിൽ ഇത്തരമൊരു "സേന"ക്ക് ജന്മം നൽകിയത്. അധികാരികൾ ദുർബ്ബലമാകുന്നിടത്തെല്ലാം ഇത്തരം "സേന"കൾ തല നീട്ടാറുണ്ട്. പണ്ട് ബീഹാറിൽ ഓരോ

സമുദായക്കാർക്കും ഓരോ സേന യുണ്ടായിരുന്നു. 1989 ൽ ലാലു പ്രസാദ് യാദവ് അധികാരത്തിൽ വന്നതോടെ ബീഹാറിലെ സേനകളെല്ലാം അലിഞ്ഞുപോയി. ഇടംവലം നോക്കാതെ പക്ഷപാതമില്ലാതെ ഭരണം നടത്തുമെന്ന് ജനങ്ങൾക്ക് ബോധ്യം വന്നാൽ നിയമം കയ്യിലെടുക്കുന്നതിന്ന് അറുതി വരും. മുംബായിൽ നാമത് കണ്ടതാണ്.

ബി.ജെ.പി. യിൽ നിന്നും ആർ.എസ്.എസ്. ൽ നിന്നും പ്രചോദനം ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന ഒന്നാണ് ഈ നവജാത സേനയെന്നു വ്യക്തം. മുഖ്യമന്ത്രി യഡ്യൂരപ്പയടക്കമുള്ള ബി.ജെ.പി. ക്കാരാരും ഈ സേനയുടെ തോന്നിവാസങ്ങൾക്കെതിരെ ഒരക്ഷരം പറഞ്ഞിട്ടില്ലെന്നതുതന്നെ അതിന്ന് തെളിവ്. നിയമം അതിന്റെ വഴിക്കു പോകും എന്നാണ് എല്ലാവരും പറയുന്നത്. നിയമം ഒരു കഴുതയാണെന്നറിയാത്തവർ ഈ ഇന്ത്യ മഹാരാജ്യത്തുണ്ടാകില്ല.

നമുക്കിന്ന് നിയമമല്ല ആവശ്യം. നിയമത്തിന്നിവിടെ ഒരു പഞ്ഞവുമില്ല. എന്നാൽ സത്യസന്ധതയുള്ള, ആത്മാർത്ഥതയുള്ള, നിശ്ചയദാർഢ്യമുള്ള ഒരു സംഘം നേതാക്കന്മാരുണ്ടെങ്കിൽ നിയമത്തെ ആശ്രയിക്കാതെ ത്തന്നെ ഭരണം നടത്താൻ കഴിയും. ഇത്തരം നേതാക്കന്മാരുടെ അഭാവത്തിലാകട്ടെ, എത്ര നിയമമുണ്ടായാലും കാര്യമില്ല. ❏

# ഒരു വാനര സേനയുടെ പരാക്രമങ്ങൾ

**- സന്ദീപ്ത മണ്ഡൽ -**

**അ**ന്നത്തെ പരാക്രമങ്ങളുടെയെല്ലാം ചിത്രങ്ങൾ എന്റെ മനസ്സിൽ തേട്ടിവരികയാണ്-ശ്രീരാമസേന എന്ന തെമ്മാടിക്കൂട്ടം ജനുവരി 24ന്ന് മംഗലാപുരത്തെ "അംനേഷ്യ" എന്ന മദ്യശാലയിൽ അവതരിപ്പിച്ച ആഭാസത്തരങ്ങൾക്ക് ദൃക്സാക്ഷിയായ ഒരു സ്ത്രീ പറഞ്ഞു. ഈ സ്ത്രീ സ്വീകരണ കൗണ്ടറിൽ ഇരിക്കുമ്പോഴാണ് നാൽപ്പത്തഞ്ചോളം വരുന്ന റൗഡികൾ കടന്നു വന്നത്. ആരംഭം മുതൽ അവസാനം വരെ എല്ലാറ്റിന്നും താൻ ദൃക്സാക്ഷിയാണെന്നവർ പറഞ്ഞു.

ആദ്യംതന്നെ റൗഡികൾ ഒന്നിച്ചുകൂടി മൗന പ്രാർത്ഥന നടത്തി. തുടർന്ന് "ഭാരതമാതാ കീ ജയ്" എന്നും മറ്റുമുള്ള മുദ്രാവാക്യങ്ങൾ മുഴക്കാൻ തുടങ്ങി. ദൈവത്തിന്റേയും മാതൃഭൂമിയുടേയും പേരിലാണ് ഈ തെമ്മാടികൾ സ്ത്രീകളെ കയറിപ്പിടിച്ചത്.

ജനുവരി 24-ാം തിയ്യതി വൈകുന്നേരം നാലുമണിയോടെയാണ് കാവിമുണ്ട് തലയിൽ കെട്ടിയ നാൽപ്പതോളം പേർ വന്നത്. അവർ ഗാർഡുമാരെ സമീപിച്ച് അകത്ത് കടക്കാൻ അനുമതിയാവശ്യപ്പെട്ടു. തങ്ങൾ എല്ലാറ്റിനേയും ആട്ടിപ്പുറത്താക്കുമെന്നവർ പറഞ്ഞു. അവർ പ്രവേശന കവാടത്തിൽനിന്ന് തർക്കിക്കുന്നതിന്നിടയിൽ മറ്റു ഗാർഡുമാർ വാതിലുകളെല്ലാം അടച്ചുപൂട്ടി.

ഈ ബഹളങ്ങൾ കേട്ട് അടുക്കളജോലിക്കാരിലൊരാൾ, കാര്യമെന്താണെന്നറിയാൻ അടുക്കളവാതിൽ തുറന്നു നോക്കി. തെമ്മാടികൾ ആ അവസരം മുതലാക്കി അടുക്കളയിലൂടെ അകത്തു കയറി. അകത്തുകയറിയ തെമ്മാടിക്കൂട്ടം നേരിട്ട് പെൺകുട്ടികളുടെ അടുക്കലേക്കാണ് പോയത്. ഒരു ഡസനോളം വരുന്ന പെൺകുട്ടികളെയെല്ലാം ➡



മംഗലാപുരത്ത് രാമസേനയുടെ ആക്രമണത്തിൽനിന്ന്
പെൺകുട്ടികൾ ഓടി രക്ഷപ്പെടുന്നു.

നൃത്തമണ്ഡപത്തിൽ പിടിച്ചുനിർത്തിയ ശേഷം അവർ തല്ലാൻ തുടങ്ങി. കുറച്ചുനേരം അടിച്ചതിന്നുശേഷം തെമ്മാടികളിൽ ഓരോരുത്തർ ഓരോ യുവതിയെ കടന്നുപിടിച്ചു. ഒരാൾ ഒരു യുവതിയുടെ വസ്ത്രമെല്ലാം പിടിച്ചഴിച്ച ശേഷം ദേഹത്തിന്റെ നാനാഭാഗങ്ങളിൽ കടന്നു പിടിക്കാൻ തുടങ്ങി. ആ യുവതിയെ പിന്നീടിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

പല യുവതികളേയും നിർദയം തല്ലുകയും അപമാനിക്കുകയുമുണ്ടായിട്ടുണ്ട്. ഇതിന്നിടയിൽ ചിലർ യുവതികളുടെ രക്ഷക്ക് പാഞ്ഞെത്തി. അതോടെ അക്രമികളുടെ ശ്രദ്ധ അവരുടെ നേരെയായി.

ഇതിൽ ഏറ്റവും അസ്വാസ്ഥ്യ ജനകമായത് മാധ്യമങ്ങളിൽ ചിലതിന്റെ പെരുമാറ്റമാണ്. അക്രമികൾ രംഗത്തെത്തുന്നതിന്നുമുമ്പ്തന്നെ മാധ്യമക്കാർ രംഗത്തെത്തിയിരുന്നു. ചില പത്രങ്ങൾ ഇവിടെ നഗ്നനൃത്തം നടക്കുന്നുണ്ടെന്നും വ്യഭിചാരം നടക്കുന്നുണ്ടെന്നും മറ്റും എഴുതിവിടുകയുണ്ടായി.

ഈ അക്രമിക്കൂട്ടത്തെ ഒറ്റക്ക് നേരിട്ട ഒരാളുണ്ട്. പാവൻകുമാർ ഷെട്ടി. തൻ വലിയ ധീരനോ പരാക്രമിയോ ഒന്നുമല്ലെന്ന് 24 വയസ്സുമാത്രം പ്രായമുള്ള ഷെട്ടി പറയുന്നു. എന്നാൽ ഷെട്ടി രക്ഷിച്ച യുവതികളിലൊരാളുടെ അഭിപ്രായം മറിച്ചാണ്. അന്നത്തെ വീരനായകൻ ഷെട്ടിയാണ്. കാട്ടുമൃഗങ്ങൾ പേക്കൂത്തു നടത്തുന്നതിന്നിടയിൽ പ്രത്യക്ഷപ്പെട്ട അപൂർവ്വം മനുഷ്യരിലൊരാളാണ് ഷെട്ടി എന്നവർ പറഞ്ഞു.

തങ്ങൾക്കെന്തെങ്കിലും എതിർപ്പ് നേരിടേണ്ടിവരുമെന്ന് തെമ്മാടികൾ കരുതിയിരുന്നില്ല. അതിന്നിടയിൽ ഷെട്ടി അവരെ നേരിട്ടപ്പോൾ അവർ പകച്ചുപോയി. എന്തായാലും ഓരോ തെമ്മാടിയും ഓരോ ഭീരുവാണെന്ന് ഓർത്തിരിക്കണം.

ഷെട്ടി പറയുന്നത് ഇതാണ്. "ഞാൻ അംനേഷ്യ മദ്യശാലയുടെ പാർക്കിങ് സ്ഥലത്ത് നിൽക്കുകയായിരുന്നു. ആക്ര



പാവൻകുമാർ ഷെട്ടി

മണത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്നതു കണ്ട് ഞാൻ നടുങ്ങിപ്പോയി. ആക്രമണം ആരംഭിക്കുന്നതിന്ന് ഏതാണ്ട് 15 മിനുട്ട് മുമ്പുതന്നെ ക്യാമറക്കാർ സന്നാഹങ്ങളുമായി എത്തി. അവർ മർമ്മപ്രധാനമായ സ്ഥാനങ്ങളിൽ നിലയുറപ്പിച്ചു. ആരോ "അടിക്ക്" എന്ന് പറയുന്നതു കേട്ടു. അതോടെ ആക്രമണമാരംഭിച്ചു."

ഷെട്ടി മുമ്പ് ബജ്റംഗദളക്കാരനായിരുന്നു. ഈയിടെ അദ്ദേഹം അതുമായുള്ള ബന്ധമെല്ലാം വേർപെടുത്തി. ഷെട്ടി ഇപ്പോൾ ഒളിവിലാണ്. ശ്രീരാമസേനക്കാരുടെ വധഭീഷണിയെ അദ്ദേഹം കാര്യമായിത്തന്നെ എടുത്തിട്ടുണ്ട്. തനിക്കെന്തെങ്കിലും സംഭവിച്ചാൽ അതിന്നുത്തരവാദികൾ ശ്രീരാമസേന മാത്രമായിരിക്കുമെന്ന് അദ്ദേഹം ഒരറിയിപ്പിൽ പറയുന്നു.

സ്ത്രീകളെ അപമാനിച്ചതിന്നെതിരായി മംഗലാപുരത്ത് നടത്തിയ റാലിയിൽ പങ്കെടുത്ത പ്രൊഫസർമാരേയും വിദ്യാർത്ഥികളേയും വിദ്യാർത്ഥി പരിഷത്തുകാർ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. ഷെട്ടി മംഗലാപുരം പോലീസിന്ന് വിവരം നൽകിയിട്ടുണ്ടെങ്കിലും, മദ്യശാലയിൽ ആക്രമണത്തിന്നിരയായ യുവതിമാരിൽ ആരും ഇതുവരെ പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

താനത്ര ധീരനൊന്നുമല്ലെന്ന് ഷെട്ടി തുറന്നു പറയുന്നുണ്ടെങ്കിലും വാസ്തവത്തിൽ ഷെട്ടിയുടെ ധീരതയാണ് യുവതികളെ രക്ഷിച്ചതെന്ന് ടെലിവിഷൻ ചിത്രങ്ങൾ തെളിയിക്കുന്നുണ്ട്. അക്രമികളുടെ നടുവിലേക്ക് ഷെട്ടി ഓടിച്ചെന്നപ്പോൾ അക്രമികൾ ഒന്നമ്പരന്നുപോയി. പിന്നെ എല്ലാവരും ഷെട്ടിയുടെ നേരെ തിരിഞ്ഞു. അക്രമികൾ ഷെട്ടിയെ കൈകാര്യം ചെയ്യുന്ന സമയംകൊണ്ട് യുവതികൾക്ക് ഓടി രക്ഷപ്പെടാൻ കഴിഞ്ഞു.

ശ്രീരാമസേനയുടെ നേതാവ് ഒരു പ്രമോദ് മുത്തലിക്കാണ്. തനിവെറിയനാണദ്ദേഹം. ജനുവരി 17ന്ന് ഉഡുപ്പിയിൽ ചേർന്ന ഒരു യോഗത്തിൽ ഇദ്ദേഹം മഹാരാഷ്ട്രത്തിലെ മലേഗവോൺ പള്ളിക്കുമുമ്പിലുണ്ടായ സ്ഫോടനത്തെ ന്യായീകരിച്ചു സംസാരിക്കുകയുണ്ടായി. ഇതൊരു ആരംഭം മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു.



പ്രമോദ് മുത്തലിക്ക്

ഈ സ്ഫോടനത്തിന്ന് ഉത്തരവാദിയാണെന്നു പറയപ്പെടുന്ന പ്രജ്ഞാസിങ് ഠാക്കൂറിനെ അദ്ദേഹം പ്രശംസിച്ചു. ഓരോ ഹിന്ദു കുടുംബത്തിലും ഓരോ പ്രജ്ഞാസിങ് ഉണ്ടാകാൻ പോകുകയാണ്. ഓരോ ഹിന്ദു സ്ത്രീയും ചട്ടുകം ഉപേക്ഷിച്ച് ബോംബ് കയ്യിലെടുക്കുന്ന സ്ഥിതിയൊന്നു വിഭാവനം ചെയ്യാൻ അദ്ദേഹം ശ്രോതാക്കളോടാവശ്യപ്പെട്ടു. ഇങ്ങനെയൊക്കെ പറയുന്നതിൽ എന്താണ് പേടിക്കാനുള്ളതെന്ന് അദ്ദേഹം ചോദിക്കുന്നു.

ശ്രീരാമ സേനയുമായി ബന്ധപ്പെട്ട ജനജാഗ്രതാസമിതി കർണാടകത്തിന്റെ തീരദേശ ജില്ലകളിൽ ഇത്തരം റാലികൾ സംഘടിപ്പിക്കാറുണ്ട്. ഒരു "ധർമ്മശക്തി സേന"യിലേക്ക് യുവാക്കളെ റിക്രൂട്ട് ചെയ്യലാണ് റാലികളുടെ ലക്ഷ്യം. കഴിഞ്ഞ മാർച്ച് 4ന്ന് ഇവിടെ നെഹ്റു മൈതാനത്തിൽ സംഘടിപ്പിച്ച ഒരു റാലിയിൽ പങ്കെടുത്തവർ പട്ടാള യൂണിഫോമിലായിരുന്നു. സേനയിൽ പേർ രജിസ്റ്റർ ചെയ്യാൻ താൽപര്യമുള്ളവർക്കായി സമ്മേളനസ്ഥലത്ത് കൗണ്ടറുകൾ തുറക്കാറുണ്ട്. കൗണ്ടറുകളിൽ കത്തി, വാൾ, റൈഫിൾ തുടങ്ങിയവ പ്രദർശിപ്പിക്കാറുമുണ്ട്. ഭീകരാക്രമണങ്ങൾക്കിരയായവരുടെ ഭീകരമായ ചിത്രങ്ങൾ സമ്മേളന സ്ഥലത്ത് പ്രദർശിപ്പിക്കും. സമ്മേളന സ്ഥലമാകെ തുണികെട്ടി മറച്ചിരിക്കും. അതിന്നകത്ത് നടക്കുന്നതെന്താണെന്ന് വഴിപോക്കർക്ക് അറിയാൻ കഴിയില്ല.

ഇതിനെപ്പറ്റിയെല്ലാം ചോദിച്ചാൽ, നിയമം അതിന്റെ വഴിക്കു പോകും എന്നാണ് മുഖ്യമന്ത്രി മുതൽ പോലീസുകാരൻ വരെയുള്ളവർ മറുപടി നൽകുക. ഇത്തവണയും റിക്രൂട്ട്മെന്റ് കൗണ്ടർ ഉണ്ടായിരുന്നുവെങ്കിലും ആയുധനങ്ങൾ പ്രദർശിപ്പിക്കുകയോ പട്ടാള യൂണിഫോം ധരിക്കുകയോ ഉണ്ടായില്ല.

ശ്രീരാമസേനയുടെ നിയമോപദേഷ്ടാവായ ദിനകർ ഷെട്ടിയാണ് അംനേഷ്യയുടെ നേരെ നടന്ന ആക്രമണത്തിന്ന് നേതൃത്വം നൽകിയതെന്ന് സേനാ വൈസ് പ്രസിഡണ്ടായ പ്രസാദ് അത്തവര പറഞ്ഞു. അംനേഷ്യയുടെ നേരെ നടന്ന ആക്രമണത്തിന്നു പുറമെ, ഒരു വീട്ടിൽ നടന്നിരുന്ന സ്വകാര്യ സൽക്കാരത്തിന്റെ നേരെയും ആക്രമണം നടക്കുകയുണ്ടായി. സിറ്റി കൺവീനർ മധു ഉർവ്വസ്താറാണ് അതിന്ന് നേതൃത്വം നൽകിയത്.

അംനേഷ്യയിലെ കയ്യേറ്റം സംബന്ധിച്ച് പോലീസ് 17 പേരേയും രണ്ടാമത്തെ ആക്രമണം സംബന്ധിച്ച് മൂന്നു പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ടെന്നു പോലീസ് പറഞ്ഞു. എന്നാൽ എല്ലാവരേയും ജാമ്യത്തിൽ വിട്ടു. വൈസ് പ്രസിഡണ്ട് അത്തവരെ, നിയമോപദേഷ്ടാവ് ഷെട്ടി, സിറ്റി കൺവീനർ ഉർവ്വസ്താർ എന്നിവർ ഒളിവിലാണെന്ന് പോലീസ് പറയുന്നു.

ഇതിന്നിടയിൽ പോലീസ് പത്രക്കാർക്കും ടെലിവിഷൻ ചാനലുകൾക്കും നോട്ടീസ് നൽകിയിട്ടുണ്ട്. ഒരു കുറ്റകൃത്യം നടക്കാൻ പോകുന്നുവെന്നറിഞ്ഞാൽ പോലീസിനെ വിവരമറിയിക്കേണ്ടത് ഓരോ പൗരന്റേയും കടമയാണെന്ന് പോലീസ് പറയുന്നു.

അംനേഷ്യയിലെ ആക്രമണകാര്യം പത്രക്കാരെ മുൻകൂട്ടി അറിയിച്ചിരുന്നു. അവർ എല്ലാ സന്നാഹങ്ങളോടും കൂടി നേരത്തെതന്നെ എത്തുകയും ചെയ്തിരുന്നു. അംനേഷ്യയിൽ നടന്ന സംഭവങ്ങളെല്ലാം ഇവിടത്തെ ടെലിവിഷൻ ചാനലുകളിൽ പ്രദർശിപ്പിക്കുകയുമുണ്ടായി. അതായത് ദുരൂഹമായിട്ടൊന്നുമില്ല. ഇന്നാട്ടിൽ എല്ലാവരും കണ്ടതാണത്. ❑

കവർസ്റ്റോറി

# ഷേഖ് ഹസീനയുടെ വിജയം വീണ്ടും മരീചികയാകുമോ?

- തസ്ലീമ നസ്രിൻ -

**ബ**ംഗ്ലാദേശിലെ ജനങ്ങൾ അതിസങ്കീർണ്ണമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. വാസ്തവം പറഞ്ഞാൽ, ആശിക്കാൻ മാത്രമേ കഴിയൂ.

ബംഗ്ലാദേശം ജനിച്ചപ്പോഴുണ്ടായിരുന്ന ആശയെല്ലാം കെട്ടുകഴിഞ്ഞു. ലക്ഷക്കണക്കിന്നു വീടുകളുടെ പിൻഭാഗത്ത് വലിച്ചെറിയപ്പെട്ടിരുന്ന ഇസ്ലാമിക മതമൗലികവാദം ഇന്ന് സ്വീകരണമുറിയിലെ ഒരു യാഥാർത്ഥ്യമായിരിക്കുകയാണ്. ഒരു രാഷ്ട്രമെന്ന നിലക്ക് നമുക്കിനി ആശിക്കാനൊന്നുമില്ലെന്നു പോലും ഞാൻ കരുതിയതായിരുന്നു. അതിന്നിടയിലാണ്, പഴഞ്ചൊല്ലിൽ പറയുന്ന ഫീനിക്സ് പക്ഷിയെപ്പോലെ, ഷേഖ് ഹസീനയുടെ അവാമി ലീഗ് വമ്പിച്ച ഭൂരിപക്ഷത്തോടെ തിരിച്ചെത്തിയത്. പത്മാ നദിയിലെ ചുഴിയിൽ പെട്ട് മുങ്ങിക്കോണ്ടിരുന്ന വഞ്ചിയിലെ യാത്രക്കാരെ രക്ഷിക്കാൻ ഒരു കപ്പലെത്തിയ ആശ്വാസമായിരിക്കും ബംഗ്ലാദേശിലെ ലക്ഷോപിലക്ഷം ജനങ്ങൾക്ക് ഇതുണ്ടാക്കിയിരിക്കുക.

ബംഗ്ലാദേശം അതിന്റെ ആരംഭകാലത്തെന്നവണ്ണം നിലനിൽക്കണം. എന്നെപ്പോലെ ലക്ഷക്കണക്കിന്നു സാധാരണക്കാർ ആശയുടെ പിടിവള്ളിയിൽ പിടിച്ചുതൂങ്ങി കിടപ്പുണ്ട്. ഞങ്ങൾക്ക് ആശിക്കാൻ മാത്രമേ കഴിയൂ. അതോടൊപ്പം ഭയവുമുണ്ട്. അവാമിലീഗ് മുമ്പ് മതമൗലിക വാദികളുമായി സഖ്യമുണ്ടാക്കിയിരുന്നു. എങ്കിലും ഞാൻ ആശിക്കുന്നു. ഷേഖ് ഹസീന അവരുടെ പോരിൽ ജയിച്ച രീതി കണ്ടില്ലേ? ഗതികെട്ട സ്ത്രീ പുരുഷന്മാരുടെ സഹായത്തോടെ നേടിയ വിജയമാണത്. ഭ്രാന്തന്മാരുടെ പരാക്രമങ്ങൾ കണ്ട് രാഷ്ട്രത്തിന്ന് സഹികെട്ടതാണ് ഈ വിജയത്തിന്ന് കാരണമെന്നു ഞാൻ കരുതുന്നു. അവർ രാജ്യത്തെ അരാജകത്വത്തിന്റെ വക്കത്തുവരെ എത്തിച്ചതാണ്. ബംഗ്ലാദേശം ജനിച്ചപ്പോൾ ജനങ്ങൾക്കുണ്ടായിരുന്ന അതേ സ്വപ്നം തന്നെയാണ് ഈ വിജയത്തിലും ഞാൻ കാണുന്നത്. ഈ വിജയം ആ ആശയെ പുനസൃഷ്ടിക്കുമെന്ന് നമുക്കാശിക്കുക. ഞാൻ ആശിക്കുന്നു; കാരണം ആശിക്കാനേ എനിക്കു കഴിയൂ. പുരോഗമന ശക്തികളുടെ അഭാവം എന്റെ നാടിനെന്നും ഒരു ശാപമായിരുന്നിട്ടുണ്ട്. ഇത്തരമൊരു ശൂന്യതയുടെ ഫലമായി, അവാമി ലീഗിന്നു മാത്രമേ നീതി കൈവരുത്താൻ കഴിയൂ എന്ന് പലരും ചിന്തിക്കാൻ തുടങ്ങി. എന്നാൽ 1996 ൽ അധികാരത്തിൽ വന്നിട്ടും അവർ പുരോഗമനാത്മകമായി ഒന്നും ചെയ്തില്ല.

ഇതാലോചിച്ചുനോക്കൂ; 2006 ൽ ഇസ്ലാമിക് മതമൗലീകവാദികൾ അധികാരം പിടിച്ചെടുക്കുമെന്ന സ്ഥിതി വന്നു. രാജ്യത്തെ രക്ഷിക്കാൻ ഷേഖ് ഹസീനക്കു കഴിയുമെന്ന് എല്ലാവരും കരുതി. എനിക്കതിൽ സന്ദേഹമുണ്ടായിരുന്നു. കാരണം, മുമ്പ് അവർ ചെയ്തത് മൗലവിമാരെ കയറൂരി വിടലായിരുന്നു; മദ്രസകൾക്കെല്ലാം അവർ സർവ്വകലാശാലാപദവി നൽകിയിരുന്നു; മതപരമായ കുറ്റങ്ങൾക്ക് ശിക്ഷ കൂട്ടി; ബംഗ്ലാദേശിനെ ഒരു ഇസ്ലാമിക രാഷ്ട്രമാക്കുന്നതിന്റെ വക്കത്തുവരെ അവരെത്തി. മതമൗലിക വാദികളുമായി അവർ കൂട്ടുചേരുന്നതുകണ്ട് ഞാൻ അമ്പരന്നിരുന്നു. എന്തായിരുന്നു അവരുടെ മനസ്സിൽ? മതമൗലികവാദികളെ ഒതുക്കാൻ സമയമായില്ല എന്നാണോ അവർ കരുതിയിരുന്നത്? അതോ, സ്വന്തം നിലനിൽപിന്നുവേണ്ടി വിട്ടുവീഴ്ച ചെയ്യുകയായിരുന്നുവോ? എനിക്കറിയില്ല എന്നാൽ മതമൗലികവാദികളെ എതിർത്തിരുന്നവർ അന്നനുഭവിച്ച വേദന, കാതങ്ങളോളം ദൂരെ ഇരുന്നുകൊണ്ട് എനിക്കു മനസ്സിലാക്കാൻ കഴിയും.

മനം മടുപ്പുണ്ടാക്കുന്ന സ്ഥിതിയായിരുന്നു അത്. ബംഗ്ലാദേശിൽ ഞാനും എന്നെപ്പോലെ ചിന്തിക്കുന്നവരും അവാമിലീഗിനെ ഒരു പുരോഗമനാത്മക കക്ഷിയായാണ് എന്നും കരുതിപ്പോന്നിരുന്നത്. ഞങ്ങളുടെ ആ ആശാകിരണം ഇസ്ലാമിക് മതമൗലിക വാദത്തിന്റെ അന്ധകാരത്തിൽ വിലയിച്ചുപോകുന്നതു കണ്ടപ്പോൾ ഞങ്ങൾക്കത് അസഹ്യമായിത്തീർന്നു. ബംഗ്ലാദേശിലുണ്ടായിരുന്ന ഒരുപിടിയോളം വരുന്ന മതേതര ശക്തികളോട് വിദ്വേഷം പുലർത്തിയവരിൽനിന്ന് ഒരണുവിട അകന്നു നിൽക്കാൻ പോലും ഹസീന അന്നു തയ്യാറായില്ല. ജമഅത്ത് ഇ ഇസ്ലാമി അധികാരത്തിൽ വരേണ്ട കാര്യമൊന്നുമില്ലെന്നും അവർ ചെയ്യുമായിരുന്നതെല്ലാം തന്നെയാണ് അവാമിലീഗ് ചെയ്യുന്നതെന്നും ഞാനന്ന് സ്നേഹിതരോട് പറയാറുണ്ട്.

ഇത്തരം മതമൗലികവാദികൾക്കെതിരെ ഹസീന എന്നെങ്കിലും ശബ്ദമുയർത്തിയോ? തീർച്ചയായും ഇല്ല. കാരണം അവർക്കുമാത്രമേ അറിയൂ. ഈ നിശ്ശബ്ദതമൂലം രാഷ്ട്രം കൂടുതൽ കൂടുതൽ ആഴത്തിലേക്ക് ആണ്ടുപോയി. ഞങ്ങളുടെ നാട് നിസ്സഹായമാണെന്ന് തോന്നിയ കാലമാണത്. മതമൗലികവാദം ഒരു രാഷ്ട്രത്തെ എങ്ങനെ നശിപ്പിക്കുമെന്ന് ഒന്നാലോചിക്കാൻപോലും ആരുമുണ്ടായിരുന്നില്ല. രാഷ്ട്രീയക്കാർക്ക് അവരുടെ കസേര നഷ്ടപ്പെടില്ല. എന്നാൽ ദുരിതം മുഴുവൻ സഹിക്കേണ്ടിവരിക സ്ത്രീകൾക്കാണ്. മതപരമായ അജ്ഞാനമാണ് സ്ത്രീകളുടെ ഏറ്റവും വലിയ ശത്രു. ബാല്യവിവാഹം, ബഹുഭാര്യത്വം, സ്ത്രീകളെ കല്ലെറിഞ്ഞു കൊല്ലൽ - അറ്റമില്ലാതെ നീണ്ടുപോകുന്നതാണീ പട്ടിക.

മുമ്പൊരിക്കൽ ഷേഖ് ഹസീന ഇതിന്റെയെല്ലാം ഭാഗമായിരുന്നുവെന്ന് പറഞ്ഞേതീരൂ. എന്താണതിന്ന് അവരെ പ്രേരിപ്പിച്ചതെന്ന് എനിക്കറിയില്ല. എന്തെങ്കിലും കാരണമുണ്ടാവാം. ഏതായാലും ആശങ്കക്കിടമുണ്ട്. ഹസീന അവരുടെ പഴയ വേഷം പുറത്തെടുക്കുമോ എന്ന് ഞാൻ ഭയപ്പെട്ടിരുന്നു. ഭാഗ്യംകൊണ്ട് എന്റെ ശങ്കയെല്ലാം അസ്ഥാനത്തായി. ഹസീന മന്ത്രിസഭ രൂപീകരിച്ച രീതിയിൽ തന്നെ ഒരു ആശാ കിരണം കാണുന്നുണ്ട്. മതമൗലീകവാദികളെയെല്ലാം അവർ ഒഴിവാക്കിയിട്ടുണ്ടെന്നല്ല, മർമ്മ പ്രധാനമായ മന്ത്രികാര്യാലയങ്ങളുടെ ചുമതല സ്ത്രീകൾക്കു നൽകിയിട്ടുമുണ്ട്. ആഭ്യന്തരകാര്യമന്ത്രി സ്ത്രീയാണ്; കൃഷികാര്യമന്ത്രി സ്ത്രീയാണ്; വിദ്യാഭ്യാസകാര്യമന്ത്രി സ്ത്രീയാണ്; തൊഴിൽകാര്യമന്ത്രിയും സ്ത്രീയാണ്. പുരോഗമനാത്മകമായ, ഒരു ബംഗ്ലാദേശിനെ സ്വപ്നം കാണാൻ സഹായിക്കുന്നവയാണിവ.

ഷേഖ് ഹസീനക്ക് ജനങ്ങളുടെ പ്രതീക്ഷകളെ നിറവേറ്റേണ്ടതുണ്ട്; മതഭ്രാന്തന്മാരെ തകർക്കേണ്ടതുണ്ട്; സാധാരണക്കാരിൽനിന്ന് ഉയർന്നു നിൽക്കേണ്ടതുണ്ട്; ബംഗ്ലാദേശം ഒരു ദരിദ്ര പിൻതിരിപ്പൻ രാജ്യമാണെന്ന ധാരണ മാറ്റേണ്ടതുണ്ട്. ബംഗ്ലാദേശം യഥാർത്ഥമയും ശിഷ്ട ലോകത്തിന്നൊരു ഉദാഹരണമാകണം. രാജ്യത്താകെ വിഷം വമിച്ചുകൊണ്ടിരിക്കുന്ന മദ്രസകളെല്ലാം അടച്ചു പൂട്ടിയിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചുപോകുകയാണ്.

ഇതെല്ലാം നടക്കുമോ എന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. എനിക്കീ

അവാമി ലീഗിനെ തള്ളിക്കളയാനാവില്ല. അവാമി ലീഗിന്റേതായ ഒരു മതേതര ഗവർമ്മേണ്ടിന്നുവേണ്ടി ഞാൻ ആശിക്കുന്നു. ഇവരെന്നെ എന്റെ നാട്ടിലേക്കു മടങ്ങാൻ അനുവദിക്കുമോ?

ഒരുപക്ഷെ ഹസീന അധികാരത്തിൽ തുടരുന്നതിന്നായി പണ്ടു ചെയ്തതുപോലെ ഛിദ്രശക്തികളെ പുണർന്നുവെന്നു വരാം. എന്തായാലും അധികാരമാണെല്ലൊ വലുത്. അങ്ങനെ സംഭവിച്ചാൽ ആശക്കൊരു ദശലക്ഷം മരണം സംഭവിക്കും. സ്വാതന്ത്ര്യത്തിന്നു വില നൽകേണ്ടിവരും. പുരോഗതി പറന്നുപോകും.

എന്റെ വീട്ടിൽ നിന്നും നാട്ടിൽനിന്നും രാജ്യത്തുനിന്നും ആയിരമായിരം നാഴിക ദൂരത്തുനിന്നുകൊണ്ട് ഞാനെല്ലാം നിരീക്ഷിച്ചുകൊണ്ടിരിക്കും.

## വമ്പിച്ച വിജയം

ഡിസംബറിൽ ബംഗ്ലാദേശിൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ ആകെയുള്ള 299 സീറ്റിൽ 230 സീറ്റും അവാമിലീഗ് നേടി. ഭരണമൊഴിഞ്ഞ ബംഗള നാഷണൽ പാർട്ടിക്ക് 27 സീറ്റും അവരുമായി സഖ്യമുണ്ടാക്കിയിരുന്ന ബംഗളാ ജതീയ പാർട്ടിക്ക് ഒരു സീറ്റും ജമാഅത് ഇ ഇസ്ലാമിക്ക് രണ്ടു സീറ്റും കിട്ടി. അവാമിലീഗിന്റെ സഖ്യകക്ഷികൾ 32 സീറ്റുകൂടി നേടിയതിനാൽ അവാമിലീഗിന്ന് പാർലിമെന്റിൽ 262 പേരുടെ പിന്തുണയുണ്ടായി. ഇവർക്കു പുറമെ നാലു സ്വതന്ത്രന്മാരും ചില ഒറ്റയാൻ കക്ഷികളും ജയിച്ചിട്ടുണ്ട്.

ഷേഖ് ഹസീന മൂന്നു സീറ്റിൽ മത്സരിച്ചിരുന്നു; മൂന്നിടത്തും ജയിച്ചു; മുൻ പ്രധാനമന്ത്രി ഖലീദസിയയും മൂന്നു സീറ്റിൽ മത്സരിച്ച് മൂന്നിടത്തും ജയിച്ചിട്ടുണ്ട്. അവാമിലീഗിന്റെ സഖ്യകക്ഷിയായ ജതീയ പാർട്ടിയുടെ നേതാവായ എർഷാദും മൂന്നുസീറ്റിൽ മത്സരിച്ച് മൂന്നിടത്തും ജയിക്കുകയുണ്ടായി.

ബംഗളാ തിരഞ്ഞെടുപ്പ് 2007 ജനുവരിയിൽ നടക്കേണ്ടതായിരുന്നു. തിരഞ്ഞെടുപ്പിന്നുള്ള ഒരുക്കമെന്ന നിലയിൽ ഒരു നിഷ്പക്ഷ ഗവർമ്മേണ്ടിന്ന്വേണ്ടി ഖലീദസിയയുടെ ഗവർമ്മേണ്ട് അധികാരം കൈമാറുകയും ചെയ്തു. പക്ഷെ തിരഞ്ഞെടുപ്പിന്നായി ഖാലിദയുടെ ഗവർമ്മേണ്ട് തയ്യാറാക്കി വച്ചിരിക്കുന്നത് കള്ള വോട്ടർ പട്ടികയാണെന്നും ലക്ഷക്കണക്കിന്ന് അവാമിലീഗുകാരെ വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കുകയും ജനിച്ചിട്ടേയില്ലാത്ത ലക്ഷക്കണക്കിന്ന് നാഷനൽ പാർട്ടിക്കാരുടെ പേർ വോട്ടർ പട്ടികയിൽ ചേർത്തിട്ടുണ്ടെന്നും അവാമിലീഗ് ആരോപിച്ചു. ഇതുസംബന്ധിച്ച പ്രക്ഷോഭണം മൂത്തപ്പോൾ ഇടക്കാല ഗവർമ്മേണ്ട് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും തിരഞ്ഞെടുപ്പ് നീട്ടുകയും ചെയ്തു.

പുതിയ വോട്ടർ പട്ടിക തയ്യാറാക്കിയപ്പോൾ പഴയ വോട്ടർ പട്ടികയിൽ തിരുകി കയറ്റിയിരുന്ന 130 ലക്ഷം പേരുകൾ വെട്ടി മാറ്റേണ്ടിവന്നു. വോട്ടർമാർക്കെല്ലാം ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകി. അങ്ങനെ രണ്ടുകൊല്ലത്തെ ഇടക്കാല ഭരണത്തിന്നുശേഷം ഈ ഡിസംബർ 29ന്ന് തിരഞ്ഞെടുപ്പു നടത്തി. തിരഞ്ഞെടുപ്പിന്റെ മേൽമോട്ടത്തിന്നു പോലീസിന്നു പുറമെ 50,000 പട്ടാളക്കാരെ നിയോഗിച്ചിരുന്നു. അതിന്നും പുറമെ വിദേശികളടക്കം രണ്ടു ലക്ഷം നിരീക്ഷകരേയും നിയോഗിച്ചു. 39 പാർട്ടികൾ മത്സരരംഗത്തുണ്ടായിരുന്നുവെങ്കിലും ഷേഖ് ഹസീനയുടെ അവാമിലീഗും ഖലീദസിയയുടെ നാഷനൽ പാർട്ടിയുമായിരുന്നു പ്രധാനമായും രംഗത്തുണ്ടായിരുന്നത്. കഴിഞ്ഞ തവണ ഇരുപതോളം സീറ്റ് നേടിയിരുന്ന ജമാഅത്ത് ഇ ഇസ്ലാമി എന്ന പാർട്ടിയുടെ പ്രാതിനിധ്യം ഇത്തവണ രണ്ടു സീറ്റിലേക്കൊതുങ്ങി. ❑

# പരിസ്ഥിതി നശീകരണത്തിന്ന് ഒരു വകുപ്പും ഒരു മന്ത്രിയും

- പ്രേരണാസിങ് ബിന്ദ്ര -

പരിസ്ഥിതി നശീകരണത്തിന്റെ ഭവിഷ്യത്ത് സാമ്പത്തികമാന്ദ്യം ഉണ്ടാക്കുന്ന കുഴപ്പത്തേക്കാൾ എത്രയോ വിനാശകരവും ദൂരവ്യാപകവുമാണെന്ന് ഇതിന്നകം സ്ഥാപിതമായിക്കഴിഞ്ഞിട്ടുണ്ട്. അശ്രദ്ധമായി, തോന്നിയപോലെ നടത്തുന്ന വ്യവസായവൽക്കരണത്തിന്റെ വിനാശകരമായ പ്രത്യാഘാതത്തിൽനിന്ന് നാടിനെ രക്ഷിക്കാൻ ലോകവ്യാപകമായി ഉപയോഗിക്കുന്ന കരു പരിസ്ഥിതി ആഘാത വിലയിരുത്തലാണ് ഒരു പദ്ധതി മൂലം ഉണ്ടാകുന്ന ഗുണത്തേയും ദോഷത്തേയും താരതമ്യപ്പെടുത്തി നോക്കലാണിത്.

നിർഭാഗ്യമെന്നു പറയട്ടെ, ഇന്ത്യയിൽ ഈ പരിസ്ഥിതി ആഘാത വിലയിരുത്തൽ ഒരിക്കലും ഗൗരവപൂർവ്വമെടുത്തിട്ടില്ല. ഒരു തമാശ എന്നതിൽ കവിഞ്ഞൊരു പരിഗണനയും അതിന്നു നൽകപ്പെടുന്നില്ല.

ഈയിടെ ഒരു പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ പരിസ്ഥിതി ആഘാത റിപ്പോർട്ടിൽ, ആ പ്രദേശത്ത് രണ്ടിനം കടുവകളുണ്ടെന്നു പറയുന്നു. (യഥാർത്ഥത്തിൽ ലോകത്തിൽ ഒരിനമേയുള്ളൂ) രണ്ടിനം മുർഖൻ പാമ്പുണ്ടെന്നു പറയുന്നുണ്ട്. (അങ്ങനെയുണ്ടെങ്കിൽ ഒരാഘോഷത്തിന്ന് വകയുണ്ട്) ലോകത്തിലാരും കേട്ടിട്ടില്ലാത്ത രണ്ടുതരം പക്ഷികളുടെ പേരും അതിൽ കാണുന്നുണ്ട്. അതുപോലെത്തന്നെ കേട്ടുകേൾവിയിൽ പോലുമില്ലാത്ത ഒരു മലമ്പാമ്പിന്റെ പേരും കാണുന്നു. ചുരുക്കിപ്പറഞ്ഞാൽ റിപ്പോർട്ട് തയ്യാറാക്കിയവർ ആ വഴിക്കെങ്ങും പോയിട്ടില്ലെന്നാണ് അർത്ഥം.

ഇതിനേക്കാൾ ചിരിക്കാൻ വക നൽകുന്ന മറ്റൊരു റിപ്പോർട്ടുണ്ട്. പാരിസ്ഥിതിക ആഘാത റിപ്പോർട്ട് തയ്യാറാക്കുമ്പോൾ, ആ പ്രദേശത്തു മാത്രം കാണപ്പെടുന്ന മൃഗങ്ങളുടെ പേരു ചേർക്കണം. ഒരു വിദ്വാൻ തയ്യാറാക്കിയ റിപ്പോർട്ടിൽ നൽകിയിരിക്കുന്നത് പശുക്കൾ, ആടുകൾ, എരുമകൾ, പട്ടി, പൂച്ച എന്നിവയുടെ പേരാണ്.

എന്നിട്ടോ? ഈ പരിസ്ഥിതി ആഘാത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ രണ്ടു പദ്ധതികൾക്കും കേന്ദ്ര പരിസ്ഥതി വകുപ്പ് അംഗീകാരവും നൽകി!

ഇതിൽ പറഞ്ഞ ആദ്യത്തെ പരിസ്ഥിതി ആഘാത റിപ്പോർട്ട് അരുണാചല പ്രദേശിലെ ദിബാങ് വിവിധോദ്ദേശ പദ്ധതിയുടേതാണ്. മേൽ പറഞ്ഞ കള്ള റിപ്പോർട്ട് ഗവർമ്മേണ്ടിന്നു ലഭിക്കുന്നതിന്നു മുമ്പുതന്നെ 2008 ജനുവരിയിൽ പ്രധാനമന്ത്രി അതിന്റെ ശിലാസ്ഥാപനം നടത്തുകയു ചെയ്തു. രണ്ടാമത്തേത് കൊങ്കൺ തീരത്ത് സ്ഥിതിചെയ്യുന്ന വൈദ്യുതി കേന്ദ്രത്തിന്റേതാണ്. കൊങ്കൺ തീരത്തുമാത്രം കാണപ്പെടുന്ന മൃഗങ്ങളുടെ പട്ടികയിലാണ് ആടും പശുവും പട്ടിയും പൂച്ചയുമെല്ലാം വന്നിരിക്കുന്നത്.

വനം-പരിസ്ഥിതി കാര്യങ്ങൾക്കുള്ള നിയമനടപടി കമ്മിറ്റിയുടെ അന്വേഷണത്തിൽ അത്ഭുതകരമായ ഒരു രഹസ്യം പുറത്തുവന്നു. കഴിഞ്ഞ രണ്ടു കൊല്ലകാലത്ത് വനം

-പരിസ്ഥിതി മന്ത്രി കാര്യാലയത്തിന്നു സമർപ്പിച്ച അപേക്ഷകളിൽ ഒന്നുപോലും തിരസ്കരിക്കപ്പെട്ടിട്ടില്ല. 2006 സെപ്തംബർ മുതൽ 2008 സെപ്തംബർ വരെ 952 വ്യവസായങ്ങൾക്കാണ് അപേക്ഷ സമർപ്പിച്ചത്; 952 പദ്ധതിയും അനുവദിക്കുകയും ചെയ്തു. അതുപോലെ കൽക്കരി ഉപോയോഗിക്കുന്ന 134 വൈദ്യുതോല്പാദന കേന്ദ്രങ്ങൾക്കും അനുമതി നൽകി.

രത്നഗിരി-ദിബാങ് പദ്ധതികളെ കവച്ചുവയ്ക്കുന്ന പല പദ്ധതികളും ഇന്ത്യയിലുണ്ട്. ആശാപുരം മൈൻചെം പദ്ധതി ഇത്തരത്തിൽ പെടും. ഇതിന്നായി തയ്യാറാക്കിയിരിക്കുന്ന പാരിസ്ഥിതിക ആഘാത റിപ്പോർട്ട് ഒരു റഷ്യൻ ബോക്സൈറ്റ് കമ്പനിക്കായി തയ്യാറാക്കിയ റിപ്പോർട്ടിന്റെ നേർ പകർപ്പാണ്. "പദ്ധതി സ്ഥലത്തിന്നടുത്തുള്ള പക്ഷികളുടെ ആവാസകേന്ദ്രം നിറഞ്ഞു നിൽക്കുന്ന കുറ്റിക്കാടുകളോ മിശ്രിത കാടുകളോ ആണ്" എന്ന് റിപ്പോർട്ടിൽ പറയുന്നു. ഉത്തരധ്രുവ മേഖലയിൽ കാണുന്ന ഇത്തരം കാടുകൾ ഉഷ്ണമേഖലാപ്രദേശമായ രത്നഗിരിയിലില്ലെന്ന കാര്യം പോലും റിപ്പോർട്ട് തയ്യാറാക്കിയവർ മറന്നു.

അണുവൈദ്യുത കേന്ദ്രങ്ങൾക്കായി നിർദ്ദേശിച്ച 1073 കേന്ദ്രങ്ങളിൽ പരിസ്ഥിതികാര്യാലയം തിരസ്കരിച്ചത് നാലെണ്ണം മാത്രമാണ്. ഇതുകാണുമ്പോൾ പരിസ്ഥിതി മന്ത്രി കാര്യാലയം എന്നു പറയുന്നത് പരിസ്ഥിതി സംരക്ഷണത്തിന്നുള്ളതാണോ പരിസ്ഥിതി നശീകരണത്തിന്നുള്ളതാണോ എന്ന് സംശയം തോന്നിപ്പോകും.

വ്യവസായങ്ങൾ തുടങ്ങാനോ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാനോ വേണ്ടിയുള്ള ഏതൊരു പ്രധാന പദ്ധതിക്കും പരിസ്ഥിതി പ്രത്യാഘാത റിപ്പോർട്ട് തയ്യാറാക്കണം എന്നാണ് നിയമം അനുശാസിക്കുന്നത്. സമഗ്രമായ അന്വേഷണവും സർവ്വേയും നടത്തി വേണം ഈ റിപ്പോർട്ട് തയ്യാറാക്കാനെന്നും അതിൽ പറയുന്നു. അതിന്നും പുറമെ 1986 ലെ പരിസ്ഥിതി നിയമപ്രകാരം പരിസ്ഥിതിമന്ത്രി കാര്യാലയം നിയോഗിക്കുന്ന വിദഗ്ധ കമ്മിറ്റിയുടെ അംഗീകാരം ഉണ്ടാകണമെന്നും അതിൽ പറയുന്നുണ്ട്. ഇതെല്ലാം പാടെ ലംഘിക്കപ്പെടുന്നു.

കൊങ്കണിലെ രത്നഗിരിയിൽ സ്ഥാപിക്കുന്ന വൈദ്യുതി നിലയത്തിന്റെ കാര്യമെടുക്കാം. പദ്ധതിക്ക് കരാറുണ്ടാക്കിക്കഴിഞ്ഞശേഷമാണ് പരിസ്ഥിതി അവലോകന റിപ്പോർട്ട് തയ്യാറാക്കിയത് എന്നതോ പോകട്ടെ, അവിടെ കണ്ടൽ കാടുള്ള കാര്യവും സമീപത്ത് റിസർവ്വ് വനമുള്ള കാര്യവും പരിസ്ഥിതി റിപ്പോർട്ടിൽ പറഞ്ഞിട്ടേയില്ല. രത്നഗിരി മേഖലാ പദ്ധതിയിൽ അനുവദനീയമായ പദ്ധതികളിൽ താപവൈദ്യുതി ഉൾപ്പെടുന്നുമില്ല.

പരിസ്ഥിതി അവലോകന റിപ്പോർട്ടിൽ തെറ്റുണ്ടോ എന്നു നോക്കാൻ മെഷീനറിയുണ്ടെന്നാണ് പരിസ്ഥിതിമന്ത്രി കാര്യാലയം പരാതികൾക്ക് സമാധാനമായി പറയുന്നത്. ശരിയാണ്; ഒരു ദേശീയ അപ്പലേറ്റ് അഥോറിട്ടിയുണ്ട്. ആർക്കുവേണമെങ്കിലും ഈ അഥോറിട്ടി മുമ്പാകെ അപ്പീൽ സമർപ്പിക്കാം പക്ഷെ ഒരു കാര്യവുമില്ല ചക്കിക്കൊത്ത ചങ്കരനാണിതെന്ന് നിയമജ്ഞനായ ഋത്വിക് ദത്ത പറയുന്നു. പതിനൊന്നു കൊല്ലം മുമ്പാണ് ഈ അഥോറിറ്റി രൂപീകരിച്ചത്. അതിന്നുശേഷം അഥോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ട അപ്പീലുകളിൽ ഒന്നൊഴിച്ചെല്ലാം തിരസ്കരിക്കപ്പെട്ടിട്ടേയുള്ളൂ.

പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നവരുടെ കൺസൽട്ടന്റുമാർതന്നെയായിരിക്കും പാരിസ്ഥിതിക റിപ്പോർട്ട് തയ്യാറാക്കുന്നത്. അതിനാൽ റിപ്പോർട്ട് എപ്പോഴും "പാകത്തിന്ന്" തന്നെയായിരിക്കും. അപ്പലേറ്റ് അഥോറിറ്റിയാണെങ്കിൽ അതിന്റെ പതിനൊന്നു കൊല്ലത്തെ ആയുസ്സിന്നിടയിൽ എട്ടുകൊല്ലവും അനാഥമായിരുന്നു; ചെയർമാനുണ്ടായിരുന്നില്ല. കഴിഞ്ഞ മൂന്നു കൊല്ലമായി വൈസ് ചെയർമാനുമില്ല.

പ്രസിദ്ധ പാരിസ്ഥിതിക വിദഗ്ധനായ ക്ലോഡ് അൽവാരിസ് പാരിസ്ഥിതിക റിപ്പോർട്ട് നൽകുന്നതിലെ തോന്നിവാസത്തിന്ന് ഉദാഹരണമായി ഗോവയെ ചൂണ്ടിക്കാട്ടുന്നു. 2005ന്നു ശേഷം ഏതാണ്ടെല്ലാ ഖനികൾക്കും അനുമതി നൽകിയിട്ടുണ്ട്. ആകെ 'ഠ' വട്ടത്തിലുള്ള സംസ്ഥാനമായ ഗോവയിൽ 160 ൽ പരം ഖനികൾക്ക് ലൈസൻസ് നൽകിയിരിക്കുന്നു. ചിലത് വന്യജീവി സംരക്ഷണ കേന്ദ്രത്തിന്നകത്തുതന്നെയാണ്. ചിലതരം വ്യവസായങ്ങൾക്ക് അനുമതി നൽകരുതെന്ന് ഗവർമ്മേണ്ട് തീരുമാനിച്ചിരുന്നാൽപോലും കേന്ദ്ര പരിസ്ഥിതിമന്ത്രി കാര്യാലയം അനുമതി നൽകിക്കളയും.

കേന്ദ്ര പരിസ്ഥിതി കാര്യാലയം അപൂർവ്വമായി വല്ല വിശദീകരണവും ആവശ്യപ്പെട്ടാലും ഫലമില്ല. ഉദ്യോഗസ്ഥന്മാർ "സാഹിത്യം" എഴുതിവച്ച് കാര്യം നേടും. അരുണാചലത്തിന്റേയും ആസാമിന്റേയും അതിർത്തിയിലാണ് സുബൻസിരി ജലവൈദ്യുത പദ്ധതി. 3500 ഹെക്ടർ കാട് വെള്ളത്തിന്നടിയിലാകുന്ന പദ്ധതിയാണിത്. ആരുടേയോ സമ്മർദ്ദ ഫലമായി കേന്ദ്ര പരിസ്ഥിതി കാര്യാലയം കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടു. അധികൃതർ ഒരാഴ്ച നീണ്ടുനിന്ന പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. പദ്ധതി മൂലമുണ്ടാകുന്ന വലിയ ജലസംഭരണി ജീവികൾക്ക് സുഖകരമായ ആവാസ വ്യവസ്ഥയുണ്ടാക്കും എന്നായിരുന്നു റിപ്പോർട്ട്. കെട്ടി നിൽക്കുന്ന വെള്ളം ജലജീവികൾക്ക് പറ്റിയ ആവാസ വ്യവസ്ഥയല്ലെന്നും, ഒഴുകുന്ന വെള്ളത്തിലേ അവ പെറ്റു പെരുകൂ എന്നുമുള്ള പ്രാഥമിക കാര്യംപോലും ഈ വിദഗ്ധർക്കറിയില്ല.

മണിപ്പൂരിലെ തപായ്മുഖ് വിവിധോദ്ദേശപദ്ധതി സംബന്ധിച്ച ബഹുജനാഭിപ്രായം അറിയുന്നതിന്നുള്ള പൊതുയോഗം സംഘടിപ്പിച്ചത് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന സ്ഥലത്തുനിന്ന് 300 കിലോമീറ്റർ ദൂരെയായിരുന്നു. ഈ പദ്ധതിമൂലം 270 ചതുരശ്ര കിലോമീറ്റർ വനം വെള്ളത്തിന്നടിയിലാകും.

ഛത്തീസ്ഗഡിലെ റായ്ഗഡിലെ താപ വൈദ്യുത പദ്ധതി സംബന്ധിച്ച പൊതുവിചാരണ പ്രതിഷേധം മൂലം നീട്ടിവച്ചു. പിന്നെ അതു നടത്തുകയുണ്ടായില്ല. എങ്കിലും കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അതിന്നു അനുമതി നൽകി.

വനം-പരിസ്ഥിതി കാര്യമന്ത്രിയെ നേരിട്ടുകണ്ടു സംസാരിക്കാൻ ഞാൻ നടത്തിയ ശ്രമം വിഫലമാകുകയാണുണ്ടായത്. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായ രാജീവ് എന്നെ തടഞ്ഞു. മന്ത്രിക്ക് ഇതിലൊന്നും കാര്യമില്ല. നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നത് അദ്ദേഹമല്ല. അദ്ദേഹം പ്രധാനമന്ത്രിയുടെ ഓഫീസിലേക്ക് കടലാസുകൾ കൈമാറുന്നുവെന്നേയുള്ളൂ. വനം-പരിസ്ഥിതി കാര്യ വകുപ്പ് പ്രധാനമന്ത്രിയുടെ കീഴിലാണ് എന്നാണ് അയാൾ പറഞ്ഞത്. ❏

# പൊരുതി വളർന്ന ദയാമണി പോരാട്ടത്തിലൂടെ വളരുന്നു

**- കൽപ്പന ശർമ -**

**ഇ**ന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റനായ മഹേന്ദ്ര ധോണിയിലൂടെ ഈയിടെ ശ്രദ്ധാകേന്ദ്രമായ സംസ്ഥാനമാണ് ഝാർഖണ്ഡ്. പഴയ ബീഹാറിന്റെ തെക്കൻ ഭാഗമാണിത്.

എന്നാൽ ധോണി മാത്രമല്ല ഝാർഖണ്ഡിനെ ശ്രദ്ധേയമാക്കുന്നത്. ഈയിടെ മുംബായിലുണ്ടായ ഭീകരാക്രമണം ജനശ്രദ്ധയെയാകെ മുംബായിലേക്ക് തിരിച്ചുവിട്ടപ്പോൾ, ദൽഹിയിൽ നടന്ന ഒരു ചടങ്ങ് ശ്രദ്ധിക്കപ്പെടാതെ പോയി. മുതലാളിമാരുടെ പരാക്രമങ്ങൾക്കെതിരെ പോരാടിവരുന്ന ഝാർഖണ്ഡിലെ ഒരു വനിതക്കു നൽകിയ സമ്മാനദാന ചടങ്ങായിരുന്നു അത്.



ദയാമണി ബാർല

വനിതകൾക്കെതിരായ മുതലാളിത്ത ക്രൂരതക്കെതിരായ 2008 ലെ അവാർഡ് ഝാർഖണ്ഡിലെ ഒരു ആദിവാസിയും പത്രപ്രവർത്തകയും പൊതുപ്രവർത്തകയുമായ ദയാമണി ബാർല(44) ക്കാണ് നൽകപ്പെട്ടത്. ഈ അവാർഡിനുതന്നെ ഒരു സവിശേഷതയുണ്ട്. 1984 ൽ ഭോപ്പാലിലെ യൂണിയൻ കാർബൈഡ് എന്ന കമ്പനിയിൽനിന്ന് വിഷവാതകം ചോർന്നതിന്റെ ഫലമായി ആയിരക്കണക്കിന്നുപേർ കൊല്ലപ്പെട്ടു; ആയിരമായിരം പേർ അവശരായി. ഈ വിഷവാതക ദുരന്തത്തിന്ന് ഇരയായവർക്ക് നീതി ലഭിക്കാനായി പ്രവർത്തിച്ചുവരുന്ന രണ്ടു പൊതു പ്രവർത്തകരായിരുന്നു റഷീദാബിയും ചമ്പാദേവിയും.

2004 ലെ ഗോൾഡ്മാൻ പരിസ്ഥിതി സമ്മാനത്തിന്ന് തിരഞ്ഞെടുക്കപ്പെട്ടവർ റഷീദാബിയും ചമ്പാദേവിയുമായിരുന്നു. അവർ ആ സമ്മാനം എന്തെങ്കിലും ആവശ്യത്തിന്ന് ഉപയോഗിക്കുന്നതിന്നു പകരം അതൊരു ട്രസ്റ്റായി നിക്ഷേപിക്കുകയും അതിൽനിന്നുള്ള വരുമാനം ഏതെങ്കിലും വനിതാ പ്രവർത്തകക്ക് നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്നവർ ഇട്ട പേരാണ് ചിങ്ങാരി അവാർഡ് എന്നത്. പ്രബലരായവർക്കെതിരെ സമരം ചെയ്യുന്നതിന്റെ ഭവിഷ്യത്ത് റഷീദാബിക്കും ചമ്പാദേവിക്കുമെന്നപോലെ ദയാമണിക്കും അറിയാം. ഝാർഖണ്ഡിലെ ഗുംലാ ജില്ലയിൽ ഭൂരഹിതരായ മാതാപിതാക്കളുടെ മകളായിട്ടാണ് ദയാമണി ജനിച്ചത്. കൊള്ള പലിശക്കാരുടെ ചൂഷണത്തിന്ന് വിധേയരായ അവർക്ക് എല്ലാം നഷ്ടപ്പെട്ടിരുന്നു. ദയാമണിയുടെ അമ്മ റാഞ്ചിയിൽ വീട്ടുവേല ചെയ്താണ് കുടുംബം പോറ്റിയിരുന്നത്. ഒമ്പത് വയസ്സായപ്പോഴേക്കും ദയാമണിക്കും പണിക്കുപോകേണ്ടിവന്നു. പക്ഷെ ദയാമണി പഠിത്തം നിർത്തിയില്ല. കൊച്ചു കുട്ടികൾക്ക് ട്യൂഷനെടുത്തും വിവിധ സ്ഥാപനങ്ങളിൽ ടൈപ്പിസ്റ്റായി പണിയെടുത്തും അവൾ ഉപജീവനമാർഗ്ഗമുണ്ടാക്കി. അങ്ങനെ പഠിച്ചും പണിയെടുത്തും അവർ ഹൈസ്കൂളും കോളേജും തരണം ചെയ്തുവെന്നല്ല കോമേഴ്സിൽ മാസ്റ്റേഴ്സ് ബിരുദവും നേടി.

അതിന്നുശേഷം പത്രപ്രവർത്തകയായ അവർ തുടക്കത്തിലേ അവാർഡ് നേടി. ദയാമണിയെപ്പോലുള്ള സ്ത്രീകളുടെ ജീവിതത്തിൽനിന്ന് പഠിക്കേണ്ടതായി പലതുമുണ്ട്. ഝാർഖണ്ഡിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മിത്തലിന്റെ പടുകൂറ്റൻ ഉരുക്കുനിർമ്മാണശാലക്കെതിരായാണ് ദയാമണി ഇപ്പോൾ പ്രക്ഷോഭം സംഘടിപ്പിച്ചുവരുന്നത്. ഒട്ടേറെ പേർക്ക് തൊഴിൽ നൽകിയേക്കാവുന്ന ഒരു വ്യവസായശാലക്കെതിരെ എന്തിന്നു സമരം ചെയ്യണം? ആദിവാസികളുടെ ഭൂമിയിൽനിന്നും അവരെ ആട്ടിയോടിക്കുകയാണെന്നും, കുറച്ചു ജോലിയുടെ വാഗ്ദാനംകൊണ്ട് പ്രശ്നം തീരില്ലെന്നും അവർ പറയുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം പ്രകൃതി വിഭവങ്ങൾ ഉപജീവനമാർഗ്ഗം മാത്രമല്ല. ഞങ്ങളുടെ വ്യക്തിത്വം, അന്തസ്സ്, സ്വാശ്രയത്വം, സംസ്കാരം- എല്ലാം തലമുറയായി പടുത്തുയർത്തിയിരിക്കുന്നത് അതിന്മേലാണ് . ഇത്രയും വലിയൊരു ഫാക്ടറി കാടിന്റെ നടുവിൽ സ്ഥാപിതമാകുമ്പോൾ കാടും ജലവിഭവങ്ങളും നശിക്കുമെന്നും അവർ ചൂണ്ടിക്കാട്ടുന്നു.

കോവൽകരോ അണക്കെട്ടിന്നെതിരായി ആദിവാസികൾ സംഘടിപ്പിച്ച സമരത്തിലൂടെയാണ് ദയാമണി സമരനായികയായി വളർന്നുവന്നത്. 66,000 ഏക്കർ ഭൂമി വെള്ളത്തിന്നടിയിലാക്കുകയും 135000 ഗോത്രവർഗ്ഗക്കാരെ അനാഥരാക്കുകയും ചെയ്യുമായിരുന്ന ആ പദ്ധതി ബഹുജന പ്രക്ഷോഭം മൂലം ഗവർമ്മേണ്ടിന്ന് ഉപേക്ഷിക്കേണ്ടിവന്നു. ❑

# മതേതരത്വം കുരുന്നിലേ പഠിപ്പിക്കണം – കവിത

**- മീന മേനോൻ-**

**ന**വമ്പർ 22 ന്ന് കർക്കരേ ദമ്പതികൾ അവരുട വിവാഹത്തിന്റെ 28-ാം വാർഷികം ആഘോഷിച്ചു. നാലുദിവസത്തിന്നുശേഷം മഹാരാഷ്ട്ര ഭീകരവിരുദ്ധ സേനയുടെ തലവനായ ഹേമന്ത് കർക്കരെ ഭീകരരുടെ വെടിയേറ്റു മരിച്ചു. കാമ ആസ്പത്രിക്കടുത്തുള്ള ഇടവഴിയിൽ വച്ചായിരുന്നു ആക്രമണം.

മലേഗവോൺ സ്ഫോടനത്തിന്റെ ചുരുളഴിച്ചത് ഭീകരവിരുദ്ധ സേനയാണ്. പുതിയൊരു ഭീകര വലയം പ്രവർത്തിച്ചു വരുന്നതായി ജനങ്ങൾ അറിഞ്ഞത് അങ്ങനെയാണ്. വലതുപക്ഷ ഭീകര പ്രവർത്തനം അങ്ങനെയാണ് പുറത്തുവന്നത്.

മുംബായിലെ ഭീകരാക്രമണത്തിന്നു ശേഷം കവിതാ കർക്കരെ പല ചോദ്യങ്ങളും ഉന്നയിച്ചു. ആർക്കാണിതിന്ന് ഉത്തരവാദിത്വം? ഹേമന്ത് കർക്കരയെ വധിച്ചത് യഥാർത്ഥത്തിൽ ആരാണ്? എന്താണവിടെ സംഭവിച്ചത്? ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം കിട്ടില്ലെന്ന് തനിക്കറിയാമെന്ന് അവർതന്നെ പറയുന്നു. പാർലിമെന്റ് മന്ദിരത്തിന്റെ നേരെ നടന്ന ആക്രമണത്തിന്റെ പിന്നിലാരാണെന്ന് ഇത്രകാലം കഴിഞ്ഞിട്ടും ➡



കവിത കർക്കരെ

കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. "അപ്പോൾപിന്നെ എനിക്കെവിടെനിന്ന് നീതി ലഭിക്കാനാണ്? എന്റെ ചോദ്യങ്ങൾക്ക് ഉത്തരം തരില്ലെന്ന് എനിക്കറിയാം" എന്നവർ തുടർന്നു പറഞ്ഞു.

മുംബായ് ഭീകരാക്രമണത്തിന്ന് ഇരയായവർക്ക് മിസിസ് കർക്കരെയുടെ തന്റേടം ഒരു മാതൃകയാണ്. കഴിഞ്ഞ 15 കൊല്ലമായി മുംബായിലെ ഒരു കോളേജിൽ സാമൂഹ്യശാസ്ത്രാധ്യാപികയായി പ്രവർത്തിച്ചുവരികയായിരുന്നു അവർ. ജനവരി 15ന്ന് അവർ വീണ്ടും കോളേജിലെത്തി. പല പൊതുയോഗങ്ങളിലും അവർ ഭീകരപ്രവർത്തനത്തെപ്പറ്റി സംസാരിച്ചു. സമൂഹവും ഗവർമ്മേണ്ടും കൈകോർത്തുപിടിച്ച് രചനാത്മകമായ ചില നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് അവർ പറയുന്നു.

നമുക്കെവിടെയാണ് പിഴച്ചതെന്ന് ഓരോരുത്തരും ആത്മപരിശോധന നടത്തണം. നമുക്കു ദേശാഭിമാനം ഇല്ലന്നതാണ് കാര്യം. ബ്രിട്ടീഷ് ഭരണകാലത്ത് ദേശാഭിമാനം പ്രബലമായിരുന്നു. എന്നാൽ ഇന്ന് നാം രാജ്യത്തിന്നു വേണ്ടി രചനാത്മകമായി ഒന്നും ചെയ്യുന്നില്ല. നമ്മുടെ സാമൂഹ്യ പ്രതിബദ്ധത ക്ഷയിച്ചു വരികയാണ്. സ്കൂളിൽനിന്ന് ആരംഭിക്കേണ്ടതാണത്" എന്ന് അവർ പറഞ്ഞു.

എനിക്കൊരു രാഷ്ട്രീയകക്ഷിയോടും വെറുപ്പില്ല. എല്ലാവരും ഒന്നിച്ചു ചേർന്ന് ഭീകരതയെ നേരിടേണ്ട അവസരമാണിത്. സഹിഷ്ണുതയോടെ പെരുമാറാൻ എന്റെ സാമൂഹ്യമൂല്യങ്ങൾ എന്നെ പഠിപ്പിച്ചിട്ടുണ്ട്. ഈ രാജ്യത്ത് ഒട്ടേറെ മതങ്ങളുണ്ട്; ഓരോ മതത്തിന്നും അതിന്റെ തനതായ സിദ്ധാന്തങ്ങളുണ്ട്. എന്നാൽ ഇക്കാര്യം എവിടെയെങ്കിലും പഠിപ്പിക്കുന്നുണ്ടോ? മതേതരത്വത്തെക്കുറിച്ച് 100 മാർക്ക് ലഭിക്കാവുന്ന ഒരു പ്രത്യേക ചോദ്യക്കടലാസ് സ്കൂൾ ക്ലാസുകൾ മുതൽതന്നെ ഏർപ്പെടുത്തണമെന്നാണ് ഞാൻ പറയുക .

ഒരു രാഷ്ട്രമെന്ന നിലക്ക് ഇന്ത്യ മതേതരത്വം കൈക്കൊണ്ടിട്ടുണ്ടെന്ന് മിസിസ് കർക്കരെ പറയുന്നു. പക്ഷെ അതുകൊണ്ട് കാര്യമില്ല. നാം അതിനെ നനച്ചു വളർത്തണം. മതേതരത്വ മൂല്യങ്ങൾ നാം കുട്ടിക്കാലത്ത് ഉൾക്കൊള്ളുന്നില്ല. സ്കൂൾ മുതൽ ആരംഭിക്കേണ്ടതാണത് അതു സംഭവിക്കുന്നില്ല. പ്രായപൂർത്തിയാകുമ്പോഴാണ് നാം പെട്ടെന്ന് മതേതരത്വത്തിന്റെ മുന്നിൽ ചെന്നുപെടുന്നത്. ഞാനെന്റെ കുട്ടികളെ മതേതരത്വ മൂല്യങ്ങൾ പഠിപ്പിക്കാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. ഞാനെന്റെ ക്ലാസുകളിൽ വിവിധ മതങ്ങൾ ചർച്ചാവിഷയമാക്കാറുണ്ട്. ഞാനൊരിക്കലും ഒളിച്ചോടാൻ ശ്രമിക്കാറില്ല എന്ന് മിസിസ് കർക്കരെ പറഞ്ഞു.

മിസിസ് കർക്കരെ ഒരു ബാങ്ക് ജീവനക്കാരിയായിരുന്ന കാലത്താണ് ഹേമന്ത് കർക്കരെയെ പരിചയപ്പെടുന്നത്. ഹേമന്ത് അക്കാലത്ത് നാഷനൽ പ്രൊഡക്ടിവിറ്റി കൗൺസിലിൽ ഉദ്യോഗസ്ഥനായിരുന്നു. പിന്നീട് ഒരു വ്യക്തിത്വ വികസന കോഴ്സിൽ പങ്കെ ➡



# രാമസേനാ വിക്രമത്തെച്ചൊല്ലി വനിതാകമ്മീഷനിൽ തർക്കം



ദേശീയ വനിതാ കമ്മീഷന്റെ ചെയർപേഴ്സൺ ഗിരിജാവ്യാസ് പത്രസമ്മേളനത്തിൽ. ചിത്രത്തിൽ ഇടതുഭാഗത്ത് നിർമ്മല.

മംഗലാപുരത്തെ മദ്യശാലയിൽ ജനുവരി 24ന്നുണ്ടായ അനിഷ്ടസംഭവങ്ങളെപ്പറ്റി അന്വേഷിക്കാൻ ദേശീയ വനിതാ കമ്മീഷൻ നടത്തിയ ശ്രമം വലിയൊരു പ്രഹസനമായി കലാശിച്ചു.

ഒരു ഡസനോളം വരുന്ന യുവതിമാരെ ശ്രീരാമസേന എന്നൊരു സേനയിൽപെട്ട നാൽപ്പതോളം പേർ മർദ്ദിക്കുകയും വസ്ത്രാക്ഷേപം നടത്തുകയും ചെയ്തതാണ് സംഭവം. ഇതിനെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ദേശീയ വനിതാ കമ്മീഷനിലെ അംഗമായ നിർമ്മലാ വെങ്കടേശന്റെ നേതൃത്വത്തിൽ ഒരു മൂന്നംഗ കമ്മീഷനെ നിയമിക്കാനായിരുന്നു തീരുമാനം. ➡

---

ടുക്കുമ്പോൾ രണ്ടുപേരും വീണ്ടും കണ്ടുമുട്ടി. അങ്ങനെയാണവരുടെ വിവാഹം നടന്നത്.

ജോലി സംബന്ധമായ കാര്യങ്ങളെക്കുറിച്ചൊന്നും ഹേമന്ത് ഒരിക്കലും സംസാരിക്കാറില്ലെന്ന് അവർ പറഞ്ഞു. രണ്ടു പുത്രിമാരും ഒരു പുത്രനുമാണ് കാർക്കര ദമ്പതികൾക്കുള്ളത്.

ബാങ്കിലാണ് ആദ്യം ജോലിക്ക് ചേർന്നതെങ്കിലും അധ്യാപനമാണ് തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ജോലിയെന്ന് അവർ പറഞ്ഞു. ഭാവിയെ നേരിടാൻ തനിക്ക് കരുത്തു നൽകുക അതാണെന്നും അവർ പറയുന്നു.

ഉപനിഷത്തുക്കളെപ്പറ്റി, സാന്ത് തുക്കാറാമിനെപ്പറ്റി, സാന്ത്ജ്ഞാനേശ്വറിനെപ്പറ്റിയെല്ലാം കൂടുതൽ പഠിക്കണമെന്ന് തനിക്ക് താൽപര്യമുള്ളതായി അവർ പറഞ്ഞു. രഹസ്യാന്വേഷണ സംബന്ധമായ ഉന്നത പഠനത്തിന്നായി കാർക്കരെ കുറെകാലം വിയന്നയിലായിരുന്നു. അന്നാണ് മിസിസ് കാർക്കരെ ആത്മീയതയിലേക്ക് തിരിഞ്ഞത്. മലേഗവോൺ സ്ഫോടനത്തിൽ ഉൾപ്പെട്ടവർ വലതുപക്ഷ തീവ്രവാദികളാണെന്ന് കാർക്കരെ തെളിയിച്ചതിനെത്തുടർന്ന് കാർക്കരെ ദമ്പതികൾക്ക് ഒരുപാട് തെറി കേൾക്കേണ്ടി വരികയുണ്ടായി. അന്നെല്ലാം സമനില പാലിക്കാൻ കഴിവുണ്ടാക്കിയത് ഈ ആത്മീയതയാണെന്ന് മിസിസ് കാർക്കരെ പറയുന്നു. ❑

അന്വേഷണ കമ്മീഷന്റെ നേതാവായ നിർമ്മലയുടെ നേതൃത്വത്തിലാണ് കമ്മീഷനെ നിയോഗിച്ചതെങ്കിലും കമ്മീഷനിലെ മറ്റു രണ്ടംഗങ്ങൾ കർണ്ണാടകത്തിലെ പ്രമുഖരായ രണ്ടു വ്യക്തികളാകണമെന്ന് നിശ്ചയിച്ചിരുന്നു.

പിന്നെ എന്തു സംഭവിച്ചുവെന്നു വ്യക്തമല്ല. കർണാടകത്തിലെ രണ്ടു "പ്രമുഖരെ" കണ്ടെത്താനോ അവരുടെ സഹകരണം സംഘടിപ്പിക്കാനോ കഴിഞ്ഞില്ലെന്നു തോന്നുന്നു. ഏതായാലും അന്വേഷണം നടത്തിയത് നിർമ്മല തനിച്ചാണ്. ഈ ഏകാംഗ കമ്മീഷന്റെ പ്രവർത്തനം ആദ്യം മുതൽക്കേ പാളിപ്പോകുകയും ചെയ്തു.

മദ്യശാലാ സംഭവം മാധ്യമങ്ങൾ പെരുപ്പിച്ചു കാണിച്ചതു മൂലം കർണാടകത്തിന്റെ സൽപേരിന് കളങ്കമേറ്റുവെന്ന് അവർ പത്രക്കാരോട് പറഞ്ഞു. കർണാടക ജനത സമാധാന പ്രേമികളാണ്. മാധ്യമങ്ങൾ നേരെ വിപരീതമായൊരു ചിത്രമാണ് അവതരിപ്പിച്ചത് എന്ന് അവർ പരാതിപ്പെട്ടു.

ശ്രീരാമസേനയെ നിരോധിക്കാൻ നിർദ്ദേശിക്കുമോ എന്നു ചോദിച്ചപ്പോൾ അക്കാര്യവും പരിഗണിക്കുമെന്നായിരുന്നു നിർമ്മലയുടെ മറുപടി. എന്നാൽ വേഗം തന്നെ അവർ തുടർന്നു പറഞ്ഞു, തങ്ങൾ ഈ ഗ്രൂപ്പിന്നെതിരല്ലെന്ന്. "ഞങ്ങളെന്തിന്ന് ഗ്രൂപ്പുകളിൽ ശ്രദ്ധിക്കണം? അതിക്രമങ്ങൾ കാണിക്കുന്ന പുരുശഷന്മാരുടെ മനോഭാവത്തിലാണ് ശ്രദ്ധിക്കേണ്ടത്" എന്ന് അവർ തുടർന്നു പറഞ്ഞു.

"വഴിയേ പോകുന്ന ഒരു പുരുഷന്ന് സംസ്കാരമെന്താണെന്ന് സ്ത്രീകളെ പഠിപ്പിക്കാനാവില്ല. വാസ്തവത്തിൽ പുരുഷന്മാർ സ്ത്രീകളിൽ നിന്നാണ് സംസ്കാരമെന്തെന്ന് പഠിക്കേണ്ടത്."

അക്രമത്തിന്നിരയായ യുവതികളിൽ ആരും പരാതിപ്പെടാത്തതിൽ അവർ ഉൽക്കണ്ഠ പ്രകടിപ്പിച്ചു. ഈ സംഭവം കണ്ട പത്രക്കാരെ പിടിച്ചുകൊണ്ടുവരാൻ താൻ പോലീസിനോട് ആവശ്യപ്പെടുമെന്നും പത്രക്കാർക്ക് വിവരമുണ്ടാകാതിരിക്കാൻ നിവൃത്തിയില്ലെന്നും നിർമ്മല പറഞ്ഞു. അതിക്രമത്തിന്നിരയായ സ്ത്രീകൾ കാര്യം തുറന്നു പറയാത്ത പക്ഷം തനിക്കെന്തു റിപ്പോർട്ടാണ് സമർപ്പിക്കാനാകുക എന്നവർ ചോദിച്ചു.

തനിക്കു കിട്ടിയ വിവരം വച്ചു പറഞ്ഞാൽ, അക്രമത്തിന്നിരയായവരിൽ പലരും ഉത്തരേന്ത്യക്കാരാണെന്ന് നിർമ്മല പറഞ്ഞു.

നിർമ്മല പിന്നീട് മദ്യശാല സന്ദർശിച്ചു. ഇവിടെ വരുന്ന യുവതികളെ സംരക്ഷിക്കാൻ നിങ്ങൾക്കാവില്ലെങ്കിൽ പിന്നെ നിങ്ങളെന്തിനാണീ ബിസിനസ്സ് നടത്തുന്നത് എന്നവർ ചോദിച്ചു. നാൽപതിൽപരം വരുന്ന അക്രമികളുടെ മുന്നിൽ തങ്ങൾക്ക് നാലഞ്ചുപേർക്ക് ഒന്നും ചെയ്യാനാകുമായിരുന്നില്ലെന്നു ഗാർഡുമാർ പറഞ്ഞപ്പോൾ നിർമ്മല തട്ടിക്കയറി. "നിങ്ങൾ തടിമാടന്മാരല്ലേ; നിങ്ങൾക്കാവില്ലേ?" എന്നായിരുന്നു അവരുടെ ചോദ്യം.

നിർമ്മല ഫെബ്രുവരി 6ന്ന് വനിതാ കമ്മീഷന്ന് റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും കമ്മീഷൻ അതു സ്വീകരിച്ചില്ല. റിപ്പോർട്ട് അപൂർണമാണെന്ന് കമ്മീഷൻ പറയുന്നു. കമ്മീഷൻ ചെയർമാൻ ഗിരിജാ വ്യാസിന്റെ അധ്യക്ഷതയിൽ ചേർന്ന കമ്മീഷന്റെ സമ്മേളനമാണ് നിർമ്മലയുടെ റിപ്പോർട്ട് നിരാകരിച്ചത്. കമ്മീഷൻ നിശ്ചയിച്ച നിയോഗമനുസരിച്ച് അന്വേഷണം പൂർത്തിയായിട്ടില്ല. ഇതിൽ വ്യക്തിപരമായി ഒന്നുമില്ല. റിപ്പോർട്ട് കമ്മീഷൻ സ്വീകരിക്കാത്ത സ്ഥിതിക്ക് നിർമ്മല സമർപ്പിച്ച റിപ്പോർട്ട് വ്യക്തിപരമായ അഭിപ്രായ പ്രകടനം മാത്രമായി കരുതിയാൽ മതി എന്ന് ഗിരിജ വ്യാസ് പറഞ്ഞു.

മംഗലാപുരം സംഭവം ഒരു മൂന്നംഗ ➡

കമ്മിറ്റി അന്വേഷിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ അതിന്നാവശ്യമായ ആളുകളെ കണ്ടെത്താനായില്ല. ശ്രീരാമസേനയുടെ ആക്രമണത്തിന്നിരയായ യുവതികളിൽ ഒരാളെ പോലും കമ്മിറ്റിക്ക് കണ്ടെത്താനുമായില്ല അവരെ കണ്ടെത്താൻ എന്തു ചെയതുവെന്നും റിപ്പോർട്ടിലില്ല. മാത്രമല്ല മദ്യശാലക്കാർക്ക് നൽകിയ ലൈസൻസിന്റെ സ്വഭാവത്തെക്കുറിച്ചാണ് റിപ്പോർട്ടിൽ പറയുന്നത്. അത് ഒരന്വേഷണ വിഷയമേയല്ല. മദ്യശാലക്ക് ലൈസൻസില്ലായിരുന്നാൽ തന്നെ അത് സ്ത്രീകളെ തല്ലാനൊരു ലൈസൻസാവില്ല എന്ന് ഗിരിജാവ്യാസ് ചൂണ്ടിക്കാട്ടി.

സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിന്നായുള്ള കേന്ദ്ര മന്ത്രി കാര്യാലയം മംഗലാപുരം സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ള സ്ഥിതിക്ക് വനിതാ കമ്മീഷൻ പുതിയൊരു അന്വേഷണ സംഘത്തെ നിയോഗിക്കുന്ന പ്രശ്നമില്ലെന്നും അവർ പറഞ്ഞു. ❑


**Statement about ownership and other particulars about newspaper**
**Niyamasamskarakendrathinte JANANEETHI**
**Form-4 (See Rule 8)**

| | | | |
|---|---|---|---|
| 1. | Place of Publication | : | Thrissur |
| 2. | Periodicity of the Publication | : | Monthly |
| 3. | Language | : | Malayalam |
| 4. | Printer's Name | : | Seby J. Pullely |
| | Nationality | : | Indian |
| | Address | : | Pullely House, Muringoor P.O. Thrissur - 680316. |
| 5. | Publisher's Name | : | Seby J. Pullely |
| | Nationality | : | Indian |
| | Address | : | Pullely House, Muringoor P.O. Thrissur - 680316. |
| 6. | Editor | : | T.V. Achutha Warrier |
| | Nationality | : | Indian |
| | Address | : | Gangothri, Thaikkattussery Ollur, Thrissur-680322. |
| 7. | Name & Address of the individual who owns the News paper | : | Seby J. Pullely Pullely House Muringoor P.O. Thrissur - 680316. |

I, Seby J. Pullely, hereby declare that the particulars given above are true to the best of my knowledge and belief.

(Sd/-)
Publisher

Date: 28-2-2009

# ഒരു ജീവന് അവിടെ 5,000 ക; ഇവിടെ ഏഴു ലക്ഷം

**- ഹർഷ മന്ദർ -**

**ഒ**രു മനുഷ്യായുസ്സ് അതീവ ഹ്രസ്വമാണ്; ഈ കാലം കൊണ്ട് മറക്കാനാകാത്ത പലതുമുണ്ട്.

2008 നവമ്പർ 26 - ഇന്ത്യയുടെ വാണിജ്യ തലസ്ഥാനത്തിന്റെ നേരെ ഭീകരർ നടത്തിയ ആക്രമണത്തിന്റെ ദിനം. അന്ന് ഞാനവിടെനിന്ന് എത്താവുന്നിടത്തോളം അകലെയായിരുന്നു- ആസാമിലെ നെല്ലിയിൽ. സ്വതന്ത്ര ഭാരതത്തിൽ നടന്ന ഏറ്റവും ക്രൂരമായ നരനായാട്ടിന്റെ വേദിയിൽ. അത് 1983ൽ ആയിരുന്നു. ആ നരനായാട്ടിന്റെ 25-ാം വാർഷികം പ്രമാണിച്ചു സംഘടിപ്പിച്ച ഒരു ചടങ്ങിന്ന് എന്നെ ക്ഷണിച്ചിരുന്നു. 1983 ലെ നരവേട്ടയിൽനിന്ന് ജീവനും കൊണ്ട് രക്ഷപ്പെട്ടവർ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന ചടങ്ങായിരുന്നു അത്.

മഞ്ഞുകാലത്തിന്റെ തുടക്കം. ഇളം വെയിലിൽ തുറന്ന മൈതാനത്ത് ഞങ്ങൾ വട്ടംകൂടിയിരുന്നു. വേഗം തന്നെ ആളുകൾ ചുറ്റുംകൂടി. കള്ളിമുണ്ടു ധരിച്ച താടിയുള്ള വൃദ്ധരെ കണ്ടാൽ കിഴക്കൻ ബംഗാളിൽ നിന്നു വന്നവരാണവരെന്നു എളുപ്പത്തിൽ തിരിച്ചറിയാം. എല്ലാവരും മുസ്ലീമുകൾ. സ്ത്രീകളും ചെറുപ്പക്കാരും ആസാംകാരായ മറ്റാരേയുംപോലെ വസ്ത്രം ധരിച്ചവരായിരുന്നു.

സംസ്ഥാന ഗവർമ്മേണ്ട് ചില സീനിയർ ഉദ്യോഗസ്ഥന്മാരെ എനിക്കകമ്പടി സേവിക്കാൻ നിയോഗിച്ചിരുന്നു. നെല്ലിയിലേക്കുള്ള ഈ യാത്രയിൽനിന്ന് പിൻതിരിയാൻ അവർ വളരെ മയത്തിൽ എന്നെ പ്രേരിപ്പിച്ചു. 25 കൊല്ലം മുമ്പു നടന്ന വേദനാജനകമായ സംഭവങ്ങളുടെ മുറിവുകൾ വീണ്ടും പൊട്ടിക്കുന്നത് ബുദ്ധിപൂർവ്വമാകുമോ എന്നവർ ചോദിച്ചു. ജനങ്ങൾ അതൊക്കെ മറന്നു കഴിഞ്ഞിട്ട് കാലമേറെയായെന്നാണവർ പറഞ്ഞത്. അപ്പോൾ പിന്നെ ഈ സന്ദർശനം കൊണ്ട് എന്തു നേട്ടമാണുണ്ടാവുക്? ആ പഴയ ഓർമ്മകളെല്ലാം ഇളക്കിവിടാൻ മാത്രമേ ഇതുകൊണ്ട് സാധിക്കൂ എന്നവർ മുന്നറിയിപ്പു നൽകി.

ആസാമിലെ വികസന പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന പല അനുദ്യോഗസ്ഥ സുഹൃത്തുക്കളും ഇതുതന്നെയാണ് പറഞ്ഞത്. രൂക്ഷമായ വാദപ്രതിവാദങ്ങൾക്കിടയാക്കിയ പ്രശ്നങ്ങളെല്ലാം കുത്തിയിളക്കാനേ ഈ സന്ദർശനം സഹായിക്കൂ എന്നവർ ഓർമ്മിപ്പിച്ചു. എന്നാൽ 1983 ലെ കൂട്ടക്കൊലയിൽ ജീവനും കൊണ്ട് രക്ഷപ്പെട്ടവർക്ക് അവരുടെ അനുഭവങ്ങൾ ചർച്ച ചെയ്യണമെന്നുതന്നെ ശാഠ്യമുണ്ടായിരുന്നു. അവരെ തിരസ്കരിക്കുക അസാധ്യമായിരുന്നു.

നെല്ലി കൂട്ടക്കൊല നടന്നത് 1983 ഫെബ്രുവരി 18ന്നാണ്. ഗുവാഹതിയിൽനിന്ന് വെറും 40 കിലോമീറ്ററേ നെല്ലിയിലേക്കുള്ളൂ. ബംഗളാദേശിൽനിന്നു അതിർത്തി കടന്നുവന്ന മുസ്ലീമുകളായിരുന്നു അവിടത്തെ കുടിയേറ്റക്കാർ. ഇവരിൽ 2191 പേർ കശാപ്പ് ചെയ്യപ്പെട്ടു; 370 കുട്ടികൾ അനാഥരായി. 16 ഗ്രാമങ്ങളിലെ വീടുകൾ നശിപ്പിക്കപ്പെട്ടു. അന്നവിടെ നടന്ന സംഭവങ്ങളുടെ വിവരങ്ങൾ കേട്ടപ്പോൾ, ഞങ്ങൾ മാത്രമല്ല, സീനിയർ ഉദ്യോഗസ്ഥന്മാരും സാമൂഹ്യ പ്രവർത്തകരും അക്കാദമിക് പണ്ഡിതരുമെല്ലാം നാണിച്ചു തലതാഴ്ത്തിപ്പോയി. അന്നത്തെ ക്രൂരമായ ദണ്ഡനത്തിൽ ഒടിയുകയും ചതയുകയും ചെയ്ത ശരീര ഭാഗങ്ങൾ അവർ കാണിച്ചുതന്നു. കഠാരികൊണ്ടും കൈക്കോട്ടുകൊണ്ടും നടത്തിയ അക്രമങ്ങൾ അവശേഷിപ്പിച്ച വടുക്കൾ അവർ കാണിച്ചുതന്നു.



ഹസാര ഖാദൂൺ

മുഖത്ത് കഠാരകുത്തേറ്റതിന്റെ പാടുകളോടുകൂടിയ ഹസാര ഖാദൂൺ ഞങ്ങളുടെ മുമ്പിൽ നിലത്തിരിപ്പുണ്ടായിരുന്നു. അവർ മടിയിലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു: "ഞാനിങ്ങനെ എന്റെ കുട്ടിയെ താലോലിച്ചുകൊണ്ടിരിക്കുകയായിരുന്നു. പാഞ്ഞുകയറിവന്ന അവർ ആദ്യംതന്നെ അവനെ രണ്ടായി വെട്ടിമുറിച്ചു - ഒത്ത നടുക്ക്".

അലേക് ജാൻ ബീവി എന്ന മറ്റൊരു വിധവ ക്ഷോഭത്തോടെയാണ് സംസാരിച്ചത്. വികലാംഗയായിത്തീർന്നിരുന്ന അവരുടെ മാനസികനില തെറ്റിയിരുന്നുവെന്നു വ്യക്തം. അവരുടെ കുടുംബത്തിലെ പതിനൊന്നു പേർ ആ കൂട്ടക്കൊലക്ക് ഇരയായിരുന്നു. ഓരോരുത്തരേയും കൊന്ന രീതി അവർ അഭിനയിച്ചു കാണിച്ചു. താൻ എങ്ങനെ ഓടി ഒളിച്ചുവെന്നും, തന്നെ അവരെങ്ങനെ കണ്ടുപിടിച്ചുവെന്നും ഗുരുതരമായി പരിക്കേറ്റിട്ടും താൻ എങ്ങനെ അതിജീവിച്ചുവെന്നും അവർ വിശദീകരിച്ചു. "എനിക്കിന്ന് ഈ ലോകത്തിൽ സ്വന്തമായി ആരുമില്ല" എന്നു പറഞ്ഞാണവർ അവസാനിപ്പിച്ചത്.

ഏതാണ്ട് മുപ്പതുവയസ്സ് പ്രായമുള്ള മൊഹമ്മദ് മൊണോറുദീൻ സംസാരിക്കാനാരംഭിച്ചപ്പോൾ നിയന്ത്രണാതീതമായി കരയാനാരംഭിച്ചു. തന്റെ സഹോദരന്മാരും സഹോദരിമാരുമെല്ലാം കൊല്ലപ്പെട്ടതായി അയാൾ പറഞ്ഞു. "എല്ലാറ്റിനേയും കൊത്തിനുറുക്കി" എന്നാണയാൾ പറഞ്ഞത്. "എനിക്കന്ന് ഏഴുവയസ്സാണ് പ്രായം. അഛനേയും അമ്മയേയും എന്റെ മുന്നിൽവച്ച് കശാപ്പ് ചെയ്തു. മറ്റൊരു സ്ത്രീയെ കൊല്ലുന്നതും കണ്ടു. അവരുടെ കയ്യിലുണ്ടായിരുന്ന കുട്ടിയെ തട്ടിപ്പറിച്ച് തീയിലിട്ടു. ഞാൻ അന്നുമുഴുവൻ പേടിച്ചരണ്ടു കരഞ്ഞു. വൈകുന്നേരം സി.ആർ.പി. ക്കാർ വന്നാണ് എന്നെ രക്ഷിച്ചത്. ഞങ്ങളുടെ വീടെല്ലാം ചുട്ടുകരിച്ചതായി പിന്നീടാണറിഞ്ഞത്. യാതൊന്നും ബാക്കിയുണ്ടായിരുന്നില്ല. നഗവോണിലായിരുന്ന എന്റെ ജ്യേഷ്ഠനാണ് എന്നെ വളർത്തിയത്.

കൂട്ടക്കൊല നടക്കുമ്പോൾ നൂൺ നഹർ ബീഗത്തിന്ന് പത്തുവയസ്സായിരുന്നു. അവൾ ഓടിരക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും അക്രമികളുടെ ആക്രമണത്തിന്നിരായായി രണ്ടുമാസം ആസ്പത്രിയിൽ കിടക്കേണ്ടിവന്നു. അമ്മയും സഹോദരങ്ങളും കൊല്ലപ്പെട്ടതായി നൂൺ പറഞ്ഞു. "ഞങ്ങളിന്ന് നിൽക്കുന്ന ഈ സ്ഥലത്തുവച്ചാണ്



നൂൺ നഹർ ബീഗം

അവരെയെല്ലാം കൊത്തി നുറുക്കിയത് എന്നവൾ പറഞ്ഞു.

ഒരു ടെയ്‌ലറായ ബാബൂൽ അഹമ്മദിന്ന് അന്ന് രണ്ടുവയസ്സേ പ്രായമായിരുന്നുള്ളൂ. മുത്തച്ചനും മുത്തശ്ശിയുമാണയാളെ വളർത്തിയത്. അങ്ങനെ ഓരോരുത്തർക്കും പറയാൻ ഒട്ടേറെ ദുരന്തകഥകളുണ്ടായിരുന്നു. അണക്കെട്ട് പൊട്ടി ചളിവെള്ളം ഒഴുകുന്നതുപോലെ അതങ്ങനെ പ്രവഹിച്ചുകൊണ്ടിരുന്നു.

1983 ലെ നെല്ലി കൂട്ടക്കൊല സർക്കാർ പിന്തുണയോടെ നടന്ന കൂട്ടക്കൊലകളിൽ ആദ്യത്തേതായിരുന്നു. ഇതിനെത്തുടർന്ന് 1984 ൽ ദൽഹിയിലും 1989 ൽ ഭഗൽപൂരിലും 1993 ൽ മുംബായിലും 2002 ൽ ഗുജറാത്തിലും വംശീയമായ കൂട്ടക്കൊലകൾ നടന്നു.

ആസാമിൽതന്നെ വിവിധ വംശക്കാർ തമ്മിൽ ഭീകരമായ കൊലകൾ നടന്നിട്ടുണ്ട്. ബോഡോകളും മറ്റുള്ളവരും തമ്മിൽ നടന്ന കലാപങ്ങളിൽ 1993 ൽ ഗവർമ്മേണ്ട് ഇടപെട്ട് ഒത്തുതീർപ്പുണ്ടാക്കി. ഇതനുസരിച്ച് ബോഡോകൾക്ക് ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ അവർക്ക് സ്വയം ഭരണാധികാരത്തിന്ന് ഉറപ്പു നൽകി. വംശീയ സംഘട്ടനങ്ങൾക്ക് ഗവർമ്മേണ്ട് തന്നെ അടിത്തറ പാകി എന്നർത്ഥം. അങ്ങനെ ബോഡോ മേഖലയിലുണ്ടായിരുന്ന ബംഗാളി മുസ്ലീമുകളെ ആട്ടിയോടിച്ചു; അവരുടെ വീടുകളെല്ലാം തീ വച്ചു നശിപ്പിച്ചു. 1996 ൽ സന്താൾ ഗോത്രവർഗ്ഗക്കാർക്കും മുണ്ട വർഗ്ഗക്കാർക്കും അതേ ഗതി വന്നു. തേയില തോട്ടങ്ങളിൽ പണിയെടുക്കാൻ ബ്രിട്ടീഷുകാർ രണ്ടു നൂറ്റാണ്ടിന്നു മുമ്പ ബീഹാറിൽനിന്ന് കൊണ്ടുവരപ്പെട്ടവരാണിവർ. ഇവരിന്നും, പതിനഞ്ചു കൊല്ലം കഴിഞ്ഞിട്ടും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നു. പത്തോ നൂറോ പേരല്ല, ആയിരക്കണക്കിന്നാളുകൾ.

ആസാം ഏതുസമയവും പൊട്ടിത്തെറിക്കാവുന്ന സ്ഥിതിയിലാണിന്ന്. വംശീയ വിരോധത്തിന്റെ കേളീ രംഗമാണത്. ബീഹാറിൽനിന്ന് കുടിയേറിയവരെ ഈയിടെ ആട്ടിയോടിച്ചു; ഗുവാഹതിയിൽ ഝാർഖണ്ഡ് പ്രക്ഷോഭണക്കാർ ബോംബെറിഞ്ഞു; ബോഡോകളും ബംഗാളി മുസ്ലീമുകളും ഈയിടെ ഏറ്റുമുട്ടി.

1983 നെല്ലിയിലെ അതിക്രമങ്ങളെ അതിജീവിച്ചവർക്ക് ഗവർമ്മേണ്ട് നൽകിയതെന്താണെന്നോ? 5000 ക. വീതം! 1984ൽ ദൽഹിയിലുണ്ടായ സിക്ക് വിരുദ്ധ കലാപത്തിൽ കൊല്ലപ്പെട്ടവർക്ക് ഗവർമ്മേണ്ട് നൽകിയത് ഏഴുലക്ഷം രൂപവീതവും. നെല്ലിക്കൂട്ടക്കൊല സംബന്ധിച്ച് ഗവർമ്മേണ്ട് ചാർജ് ചെയ്തത് 688 ക്രിമിനൽ കേസായിരുന്നു. ഇതിൽ 310 എണ്ണത്തിൽ മാത്രമേ കുറ്റപത്രം സമർപ്പിക്കുന്നിടത്തോളം എത്തിയുള്ളൂ. "തെളിവില്ല" എന്ന പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റെല്ലാ കേസുകളും കുറ്റപത്രം നൽകാതെതന്നെ അവസാനിപ്പിച്ചു. എന്നാൽ തുടർന്നു അധികാരത്തിൽവന്ന ആസാംഗണപരിഷത്തിന്റെ ഗവർമ്മേണ്ട് കുറ്റപത്രം നൽകിയ 310 കേസും പിൻവലിച്ചു. അതായത് അതിക്രൂരമായ നെല്ലി കൂട്ടക്കൊല സംബന്ധിച്ച് ഒരാൾ പോലും വിചാരണക്ക് വിധേയനായില്ല. സംസ്ഥാന ഗവർമ്മേണ്ട് ചിലരുടെ ജീവന്ന് മറ്റുചിലരുടെ ജീവനേക്കാൾ മൂല്യം കൽപ്പിക്കുന്നു എന്നർത്ഥം.

മുംബായിലെ ഭീകരാക്രമണം ജനങ്ങളെ ക്ഷുബ്ധരാക്കിയിട്ടുണ്ടെന്നത് ശരിതന്നെ. പക്ഷപാതം കാട്ടുന്ന ദുർബ്ബലമായ ഒരു ഗവർമ്മേണ്ട് നമ്മിൽ ഓരോരുത്തരുടേയും ജീവിതത്തെ അപകടത്തിലാക്കുന്നു എന്നാണതിന്നർത്ഥം. എന്നാൽ സാധാരണക്കാരെ സംരക്ഷിക്കുന്നതിലും നീതി നടത്തുന്നതിലും സംസ്ഥാനങ്ങൾ അമ്പേ പരാജയപ്പെട്ടു തുടങ്ങിയിട്ട് കാലം കുറെയായി. മുംബായിലെ ടാജ് ഹോട്ടലിൽ നഷ്ടപ്പെട്ട ജീവനുകൾ അമൂല്യം തന്നെ എന്നാൽ അങ്ങകലെ കിടക്കുന്ന നെല്ലിയിലെ ഗ്രാമങ്ങളിൽ നഷ്ടപ്പെട്ട ജീവനുകളും അമൂല്യംതന്നെയാണ്. അതുപോലെ ഡൽഹി, ഭഗൽപൂർ, ഗുജറാത്ത്, മലേഗവോൺ എന്നിവടങ്ങളിലെ തെരുവുകളിൽ പൊലിഞ്ഞുപോയ ജീവനുകളും അമൂല്യംതന്നെ. ഈ ദുരന്തങ്ങളിൽ ഓരോന്നിനേയും ഒരേ ദയാവായ്പോടെ വീക്ഷിക്കാനുള്ള കഴിവ് നമുക്കൊരുകാലത്തുണ്ടാകും. അന്നേ നമ്മുടെ ജീവിതം സുഭദ്രമാകൂ. ❑

# സീതാസേനക്കാർ പുരുഷന്മാരെ തല്ലിയോടിച്ചാലോ?

**- എസ്. ഭാഗ്യശ്രീ -**

ഒരു സീതാസേനയിൽപെട്ട സ്ത്രീകൾ നഗരങ്ങളിലും പട്ടണങ്ങളിലും കൊച്ചു ഗ്രാമങ്ങളിലുമുള്ള മദ്യശാലകൾ കയ്യേറി പുരുഷന്മാരെയെല്ലാം തല്ലിയോടിച്ചാൽ അത് ഇന്ത്യൻ സംസ്കാരത്തിന്റെ സംരക്ഷണമായി കണക്കാക്കുമോ? കന്നഡ കവയത്രിയും വനിതാ പ്രവർത്തകയുമായ സരസ്വതി മംഗലാപുരം സംഭവത്തെ പരാമർശിച്ചുകൊണ്ട് ചോദിക്കുന്നു.

ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചുള്ള നിർവ്വചനം എപ്പോഴും സ്ത്രീവിരുദ്ധമാണെന്നതിന്റെ മറ്റൊരു തെളിവാണ് മംഗലാപുരം സംഭവമെന്ന് അവർ പറഞ്ഞു. സ്ത്രീകൾ എന്തെല്ലാം ചെയ്യണം, അവരെ കണ്ടാൽ എന്തു തോന്നണം എന്നൊക്കെ നിശ്ചയിക്കുന്നത് ഈ സംസ്കാരമാണ്.

ഇതൊരു നീണ്ട പൈതൃകത്തിന്റെ തുടർച്ചയാണ് സ്ത്രീകൾ പുറത്തിറങ്ങരുത് അവർ വീട്ടിനകത്ത് ഭാര്യയും അമ്മയുമായി ഒതുങ്ങിക്കൂടണമെന്ന് ഈ സംസ്കാരം അനുശാസിക്കുന്നു. മംഗലാപുരത്ത് ആക്രമണം നടത്തിയവർ പറയുന്നത്, തങ്ങൾ സഹോദരന്മാരുടെ നിലയ്ക്കാണ് പ്രവർത്തിച്ചതെന്നാണ്. മദ്യശാലയിലുള്ളവരുമായി കൂട്ടുകൂടി അപകടങ്ങളിൽ ➡

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-02-2009




താലിബാനിസത്തിന്നെതിരെ

ചെന്നു ചാടരുതെന്ന സദുദ്ദേശത്തോടെയാണ് തങ്ങൾ പ്രവർത്തിച്ചതെന്ന് അവർ പറയുന്നു. യുവതികളെ തല്ലുകയും മാനഭംഗപ്പെടുത്തുകയും ചെയ്തത് എല്ലാവരും ടെലിവിഷനിൽ കണ്ടതാണ്. സഹോദരമനോഭാവത്തോടെയാണ് അവർ പെരുമാറിയതെന്ന് അതു കണ്ടവരാരും പറയില്ല.

എന്നാൽ വിവാദം ഇപ്പോൾ അവിടം വിട്ടെല്ലാം പോയിക്കഴിഞ്ഞിരിക്കുന്നു. ലോക്കൽ ടെലിവിഷൻ ചാനലുകളിലും ദേശീയ ചാനലുകളിലും ഇപ്പോഴത്തെ ചർച്ചാവിഷയം പെൺകുട്ടികളെ ശാരീരികമായി അപമാനിച്ചതോ നിയമം ലംഘിച്ചതോ അല്ല. വനിതാ സ്വാതന്ത്ര്യത്തെപ്പറ്റി പറയുന്നവരെല്ലാം പെൺകുട്ടികളെ വഴിപിഴപ്പിക്കുന്നവരാണെന്നിടത്തോളം കാര്യങ്ങളെത്തിയിരിക്കുന്നു. സ്ത്രീകളുടെ ആരോഗ്യത്തെപ്പറ്റിയും ജീവിത ശൈലിയെപ്പറ്റിയും സുരക്ഷിതത്വത്തെപ്പറ്റിയും സംസാരിക്കുന്നവരോട് അവർക്ക് പറയാനുള്ളത് ഇതാണ്: അപ്പോൾ നിങ്ങൾ മദ്യശാലാ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നവരാണ്, അല്ലേ?

പുതിയൊരു സാമ്പത്തിക ജീവിത രീതി തിരഞ്ഞെടുത്തവർ പഴഞ്ചൻ സംസ്കാരത്തിന്നായി വാദിക്കുന്നതിലെ വൈരുധ്യം ആർക്കും മനസ്സിലാക്കാൻ കഴിയും. നമ്മുടെ ഇൻഫർമേഷൻ ടെക്നോളജിയിൽ നാം അഭിമാനം കൊള്ളുന്നു; അമേരിക്കക്കാർക്കും മറ്റും വേണ്ടി പണിയെടുക്കുന്നതിലും നാം അഭിമാനിക്കുന്നു. ആയിരക്കണക്കിന്ന് സ്ത്രീകളാണ് ഇതിലെല്ലാം പണിയെടുക്കുന്നത്. അതേസമയം നാം നമ്മുടെ "സംസ്കാരം" കാറ്റുകടക്കാതെ സംരക്ഷിക്കാൻ വെമ്പുന്നു. പുരുഷന്മാർക്ക് പുറത്തിറങ്ങി വിഹരിക്കാമെങ്കിൽ, എന്തുകൊണ്ട് സ്ത്രീകൾക്കും ആയിക്കൂടാ എന്നു കേട്ടാൽ ചിലർക്ക് വെറിളി പിടിക്കും.

❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.